2025 MARCH
18
TUESDAY

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY e-paper




# സിയാൽ പുനരധിവാസം
# രണ്ടാംഘട്ട പാക്കേജിന് അംഗീകാരം

**കൊച്ചി:** നെടുമ്പാശേരി വിമാനത്താവളത്തിനായി സ്ഥലമേറ്റെടുത്തപ്പോൾ വീടും പുരയിടവും നഷ്ടപ്പെട്ടവർക്കായി രൂപവത്ക്കരിച്ച രണ്ടാംഘട്ട പുനരധിവാസ പദ്ധതിയ്ക്ക് ഡയറക്ടർബോർഡ് അംഗീകാരം നൽകി. നേരത്തെയുള്ള പാക്കേജിൽ മതിയായ സംരക്ഷണം ലഭിക്കാത്തവർക്കാണ് രണ്ടാംഘട്ട പാക്കേജ് നടപ്പിലാക്കുന്നത്. സിയാൽ സബ് കമ്മറ്റി ചെയർമാൻ കൂടിയായ മന്ത്രി പി. രാജീവ് മുൻകൈയെടുത്താണ് രണ്ടാംഘട്ട പാക്കേജിന് രൂപം നൽകിയത്.കൊച്ചി വിമാനത്താവളത്തിനായി വീടും സ്ഥലവും നഷ്ടപ്പെട്ടവർക്കായി നേരത്തെ തന്നെ പുരനധിവാസപ്പാക്കേജ് നടപ്പിലാക്കിയിരുന്നു. വിദ്യാഭ്യാസ യോഗ്യതയനുസരിച്ച് സിയാൽ, മറ്റ് അനുബന്ധ സ്ഥാപനങ്ങൾ എന്നിവയിൽ തൊഴിലവസരം, ടാക്സി പെർമിറ്റ്, ഹെഡ് ലോഡ് വർക്കേഴ്സ് സൊസൈറ്റിയിൽ അംഗത്വം എന്നിങ്ങനെയുള്ള വിവിധ തട്ടുകളിലായാണ് പുനരധിവാസപ്പാക്കേജ് നടപ്പിലാക്കിയിരുന്നത്.

ഇത്തരം വിന്യാസം നടപ്പിലാക്കിയപ്പോൾ, നിരവധിപേർക്ക് കുറഞ്ഞ വേതനമുള്ള കരാർ ജോലികളാണ് ലഭിച്ചിരുന്നത്. ഇവർക്കായി പാക്കേജിൽ മാറ്റംവരുത്തണമെന്ന ദീർഘകാല ആവശ്യമാണ് ഇപ്പോൾ സിയാൽ പരിഗണിച്ചത്.



ഈ രംഗത്തെ തൊഴിലാളികൾക്ക് തൊഴിൽ സുരക്ഷയും ആധുനിക ഭരണസംവിധാനത്തിന്റെ സഹായവും ഉറപ്പുവരുത്താനായി സിയാലിന്റെ മേൽോട്ടത്തിൽ രണ്ട് വർഷം മുമ്പ് രൂപവത്ക്കരിച്ച സൊസൈറ്റിയിൽ നിലവിൽ 120 അംഗങ്ങളുണ്ട്. എയർ ഇന്ത്യ ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിലും അസംഘടിത തലച്ചുമട് തൊഴിൽ മേഖലയിലും പ്രവർത്തിച്ചിരുന്നവരും ശാരീരിക അവശതകളാൽ തൊഴിൽ ചെയ്യാൻ കഴിയാത്തവർക്കും ഈ വിഭാഗത്തിൽപ്പെട്ട മരിച്ച തൊഴിലാളികളുടെ ആശ്രിതർക്കും സിയാലിന്റെ പ്രീ പെയ്ഡ് ടാക്സി സൊസൈറ്റിയിൽ പെർമിറ്റ് നൽകാനും തീരുമാനമായി. 25 പേർക്കാണ് ഈ അവസരം ലഭിക്കും. നിലവിൽ 650 പേർക്ക് ടാക്സി പെർമിറ്റുണ്ട്. യാത്രക്കാരുടെ എണ്ണം കൂടുന്നതിനനുസരിച്ചുള്ള സാഹചര്യം വിലയിരുത്തി കൂടുതൽ പേർക്ക് അവസരം ലഭ്യമാക്കും.

രണ്ടാംഘട്ട പുനരധിവാസ പാക്കേജിന് അർഹതപ്പെട്ടവരുടെ യോഗം സിയാലിൽ വിളിച്ചുചേർക്കുകയും മന്ത്രി പി.രാജീവ്, ഡയറക്ടർബോർഡിന്റെ തീരുമാനങ്ങൾ വിശദീകരിക്കുകയും ചെയ്തു. രണ്ടര ദശാബ്ദമായി നിലവിലുള്ള പ്രശ്നങ്ങൾ പരിഹരിക്കാനുള്ള ശ്രമങ്ങളാണ് നടക്കുന്നതെന്നും ഇതിന് സിയാൽ ചെയർമാൻ കൂടിയായ മുഖ്യമന്ത്രി താൽപ്പര്യമെടുത്തിരുന്നെന്നും രാജീവ് വ്യക്തമാക്കി.

ടാക്സി സൊസൈറ്റിയും ഹെഡ്‌ലോഡ് വർക്കേഴ്സ് സഹകരണ സൊസൈറ്റിയും അഭിനന്ദനീയമായ നിലയിൽ പ്രവർത്തിക്കുന്നുണ്ട്. ഇവയിലെ അംഗങ്ങൾക്ക് മികച്ച വരുമാനം ലഭിക്കുന്നുണ്ട്. പുതിയ അംഗങ്ങൾക്കും ഈ അവസരമാണ് ലഭ്യമാകുക. ഇതിന് പുറമെ സിയാലിൽ തൊഴിലവസരങ്ങൾക്ക് പ്രാപ്തമാക്കാൻ സൗജന്യമായി നൈപുണ്യവികസന പരിശീലനം നടപ്പിലാക്കാനും ഡയറക്ടർബോർഡ് തീരുമാനിച്ചിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു.സിയാൽ മാനേജിങ് ഡയറക്ടർ എസ്.സുഹാസ് ഐ.എ.എസ്, എക്സിക്യൂട്ടീവ് ഡയറക്ടർ ജയരാജൻ വി. എന്നിവർ പങ്കെടുത്തു.




## സ്വകാര്യബസുകൾക്ക് 140 കിലോമീറ്ററിൽ താഴെ പെർമിറ്റ്: മോട്ടർ വാഹന സ്കീമിലെ ദൂരപരിധി വ്യവസ്ഥ റദ്ദാക്കി ഹൈക്കോടതി

**കൊച്ചി:** സംസ്ഥാനത്തെ സ്വകാര്യബസുകൾക്ക് 140 കിലോമീറ്ററിലധികം ദൂരം പെർമിറ്റ് അനുവദിക്കേണ്ടെന്ന വ്യവ്യസ്ഥ ഹൈക്കോടതി റദ്ദാക്കി. ദൂരപരിധി നിശ്ചയിച്ചു കൊണ്ടുള്ള മോട്ടർ വെഹിക്കിൾ സ്കീമിലെ വ്യവസ്ഥയാണ് റദ്ദാക്കിയത്. വ്യവസ്ഥ നിലനിൽക്കില്ലെന്ന സ്വകാര്യ ബസ്സുടകളുടെ വാദം അംഗീകരിച്ചാണ് ഉത്തരവ്.

മലയോര മേഖലകളിലേക്കടക്കം യാത്രാക്ലേശം രൂക്ഷമാക്കുന്ന വിവാദ വ്യവസ്ഥയാണ് ഹൈക്കോടതി റദ്ദാക്കിയത്. 2020 സെപ്റ്റംബർ 14നാണ് 140 കിലോമീറ്ററിലധികം ദൂരത്തേക്ക് സർവീസ് നടത്താൻ കെഎസ്ആർടിസിക്ക് മാത്രം പെർമിറ്റ് അനുവദിക്കുന്ന സ്കീമിന്റെ കരട് പ്രസിദ്ധീകരിച്ചത്. നിയമമനുസരിച്ച് കരട് പ്രസിദ്ധപ്പെടുത്തി ഒരു വർഷത്തിനുള്ളിൽ ബന്ധപ്പെട്ട കക്ഷികളെ കേട്ട് സ്കീം അന്തിമമാക്കണം. എന്നാൽ ഇതു ചെയ്യാതെ സമയപരിധി കഴിഞ്ഞ് സ്കീം അന്തിമമാക്കിയത് നിലനിൽക്കില്ലെന്നായിരുന്നു ഹർജിക്കാരുടെ വാദം. ഈ വാദം കോടതി അംഗീകരിക്കുകയായിരുന്നു. സ്കീം നിലവിൽ വന്നതോടെ ദീർഘദൂര റൂട്ടിൽ സർവീസ് നടത്തിയിരുന്ന സ്വകാര്യ ബസുകൾക്ക് പെർമിറ്റ് പുതുക്കാൻ സാധിക്കാതെ വന്നു. തുടർന്ന് നിലവിൽ 140 കിലോമീറ്ററിലേറെയുള്ള റൂട്ടുകളിൽ 'സേവ്ഡ് പെർമിറ്റ്' ഉള്ള സ്വകാര്യ ബസുടമകൾ കോടതിയെ സമീപിക്കുകയായിരുന്നു.

കഴിഞ്ഞ വർഷം മേയ് 3ന് സർക്കാർ അംഗീകാരം നൽകിയ സ്കീമിലെ വ്യവസ്ഥ ഒട്ടേറെ തവണ കോടതിയിൽ ചോദ്യം ചെയ്യപ്പെട്ടിട്ടുണ്ട്. തങ്ങൾക്ക് ഗുണകരമാണ് പുതിയ വ്യവസ്ഥപ്രകാരമുള്ള റൂട്ട് ദേശസാൽക്കരണ നടപടി' എന്ന് കെഎസ്ആർടിസി വാദിച്ചിരുന്നു. 140 കിലോമീറ്ററിനു മുകളിൽ സർവീസിന് പെർമിറ്റ് ഉണ്ടായിരുന്നവർക്ക് താൽക്കാലികമായി പെർമിറ്റ് പുതുക്കി നൽകാൻ നേരത്തേ ഹൈക്കോടതി ഉത്തരവിട്ടിരുന്നു.

## സുരക്ഷയ്ക്കായി സ്നേഹിത; പോലീസ് സ്റ്റേഷൻ എക്സ്റ്റൻഷൻ സെന്ററുകൾ തുടങ്ങി

**കൊച്ചി:** സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷ ഉറപ്പാക്കുന്നതിന്റെ ഭാഗമായി കുടുംബശ്രീ മിഷനും ആഭ്യന്തര വകുപ്പും സംയുക്തമായി നടപ്പാക്കുന്ന 'സ്നേഹിത' പോലീസ് സ്റ്റേഷൻ എക്സ്റ്റൻഷൻ സെൻററുകൾ എറണാകുളം ജില്ലയിൽ പ്രവർത്തനം ആരംഭിച്ചു. ജില്ലയിലെ ഒമ്പത് കേന്ദ്രങ്ങളിലെ സെൻററുകളുടെ ഉദ്ഘാടനം വിവിധ കേന്ദ്രങ്ങളിൽ എംഎൽഎ മാർ, ജില്ലാ കളക്ടർ, നഗരസഭ അധ്യക്ഷന്മാർ മുതലായവർ നിർവഹിച്ചു. പൊലീസ് സ്റ്റേഷനുകളിൽ പരാതി നൽകാനെത്തുന്നവർക്ക് മാനസിക പിന്തുണയും കൗൺസിലിങ് സേവനങ്ങളും നൽകും.പൊലീസ് സ്റ്റേഷനുകളിൽ പരാതി നൽകാനെത്തുന്നവർക്ക് ആവശ്യമായ മാനസിക പിന്തുണ നൽകുക എന്നതാണ് സെൻററുകളുടെ മുഖ്യലക്ഷ്യം. കുടുംബശ്രീ ജെൻഡർ ടീം അംഗങ്ങളായ കമ്മ്യൂണിറ്റി കൗൺസിലർമാരാണ് സേവനം നൽകുന്നത്. തീവ്രമായ മാനസിക സമ്മർദ്ദം നേരിടുന്നവർക്കായി റഫറൽ സംവിധാനം വഴിയുള്ള വിദഗ്ധ ചികിത്സയും സെൻററുകളിൽ ലഭ്യമാക്കും. സ്നേഹിത സെൻററുകളിൽ കൗൺസിലിങ് റൂം, ശുചിമുറി തുടങ്ങിയ സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. അതിരൂക്ഷമായ മാനസിക സമ്മർദ്ദം നേരിടുന്നവർക്കായി ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, സൈക്യാട്രിസ്റ്റ് എന്നിവരുടെ റെഫറൽ സേവനവും ലഭ്യമാക്കും.പദ്ധതിയുടെ ഏകോപനത്തിനായി സംസ്ഥാന, ജില്ലാ തലങ്ങളിൽ കോർ കമ്മിറ്റി രൂപീകരിക്കും. ജില്ലാ പൊലീസ് മേധാവിയുടെ മേൽനോട്ടത്തിലായിരിക്കും പ്രവർത്തനം. പ്രത്യേക കേസുകളിൽ പൊലീസ് സ്റ്റേഷൻ ഹൗസ് ഓഫീസറുടെ നിർദേശപ്രകാരം സെൻറർ പ്രവർത്തകർ ഫീൽഡ് തല പ്രവർത്തനങ്ങളിലും ഏർപ്പെടും.സ്നേഹിത ടോൾ ഫ്രീ നമ്പർ: 1800 4255 5678, മൊബൈൽ 8594034255



# നീറ്റ് 2025 : സൗജന്യ പരിശീലനം

**തിരുവനന്തപുരം:** പട്ടികജാതി വികസന വകുപ്പിന്റെ നിയന്ത്രണത്തിൽ തിരുവനന്തപുരം ജില്ലയിലെ മണ്ണന്തലയിൽ പ്രവർത്തിക്കുന്ന ഗവ. പ്രീ എക്സാമിനേഷൻ ട്രെയിനിങ് സെന്ററിൽ സൗജന്യ നീറ്റ് 2025 പരീക്ഷ പരിശീലനം നൽകുന്നു. 2025 വർഷത്തിൽ നീറ്റ് പരീക്ഷ എഴുതുന്നതിലേക്കായി ഓൺലൈൻ അപേക്ഷ സമർപ്പിച്ച തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിലെ എസ്.സി, എസ്.ടി, ഒ.ബി.സി വിഭാഗം വിദ്യാർഥികൾക്ക് അപേക്ഷിക്കാം. പട്ടികജാതി/ പട്ടികവർഗ വിഭാഗക്കാർക്ക് വരുമാന പരിധി ബാധകമല്ല. മറ്റ് പിന്നാക്ക വിഭാഗക്കാർക്ക് ഒരു ലക്ഷം രൂപ വരെയായിരിക്കണം വാർഷിക വരുമാന പരിധി. താൽപര്യമുള്ളവർ ജാതി, വരുമാനം, വിദ്യാഭ്യാസ യോഗ്യത എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ, 2025 നീറ്റ് പരീക്ഷയ്ക്ക് അപേക്ഷിച്ചതിന്റെ കൺഫർമേഷൻ ഷീറ്റ്, ഒരു ഫോട്ടോ എന്നിവ സഹിതം ഗവ. പ്രീ എക്സാമിനേഷൻ ട്രെയിനിങ് സെന്ററിൽ നിന്നും ലഭിക്കുന്ന അപേക്ഷാ ഫോമിനൊപ്പം മാർച്ച് 27 നുള്ളിൽ സമർപ്പിക്കണം. പട്ടിക ജാതി/ പട്ടികവർഗ വിദ്യാർഥികൾക്ക് സർക്കാർ ഉത്തരവിന് വിധേയമായി സ്റ്റൈപ്പന്റ് ലഭിക്കും. ഫോൺ : 9048058810.

# സ്കൂൾ വിദ്യാർത്ഥികൾക്കു വേണ്ടി റോബോട്ടിക്സിൽ ബൂട്ട് ക്യാമ്പ്

**തിരുവനന്തപുരം:** അന്താരാഷ്ട്ര സ്വതന്ത്ര വിജ്ഞാന ഗവേഷണ വികസന കേന്ദ്രം (ഐസിഫോസ്) 8 മുതൽ 10 ക്ലാസ് വരെയുള്ള സ്കൂൾ വിദ്യാർത്ഥികൾക്കു വേണ്ടി റോബോട്ടിക്സിൽ 5 ദിവസം നീണ്ടുനിൽക്കുന്ന ബൂട്ട് ക്യാമ്പ് സംഘടിപ്പിക്കുന്നു. കാര്യവട്ടം സ്പോർട്സ് ഹബ്ബിലെ ഐസിഫോസിൽ 2 ബാച്ചുകളായാണ് പ്രോഗ്രാം നടത്തുന്നത്. ആദ്യ ബാച്ച് 2025 ഏപ്രിൽ 1 മുതൽ 5 വരെയും, രണ്ടാം ബാച്ച് 2025 ഏപ്രിൽ 21 മുതൽ 25 വരെയുമാണ് നിശ്ചയിച്ചിരിക്കുന്ന സമയക്രമം.

തത്സമയ ക്ലാസുകൾ, സാങ്കേതിക വിദഗ്ദർ നയിക്കുന്ന സെഷനുകൾ, ഘടനാപരമായ പാഠ്യപദ്ധതി, സിമുലേഷനുകളിലൂടെയും പ്രോജക്ടുകളിലൂടെയുമുള്ള പ്രായോഗിക പരിജ്ഞാനം എന്നിവ ഈ കോഴ്സിന്റെ പ്രധാന സവിശേഷതകളാണ്. ഓഫ് ലൈൻ മോഡിൽ രാവിലെ 10 മുതൽ വൈകിട്ട് 5 വരെ നടത്തുന്ന ഈ ക്യാമ്പിലൂടെ റോബോട്ടിക്സിന്റെ വിവിധ നവീന മേഖലകൾ പരിചയപ്പെടാനും, തത്സമയ കോഡിങ് സെഷനുകളിലൂടെയും, പ്രോജക്ടുകളിലൂടെയും കുട്ടികളുടെ സാങ്കേതിക അഭിരുചി ശക്തിപ്പെടുത്താനും കോഴ്സ് സഹായിക്കുന്നു. വിരസതനിറ!ഞ്ഞ പരമ്പരാഗത പാഠ്യപദ്ധതിയിൽ നിന്നും വേറിട്ട് കുട്ടികൾക്ക് രസകരവും കൗതുകമേറിയതുമായ രീതിയിലാണ് പാഠ്യപദ്ധതി ക്രമീകരിച്ചിരിക്കുന്നത്. പങ്കെടുക്കുന്നവരുടെ എണ്ണം ഓരോ ബാച്ചിലും 30 ആയി പരിമിതപ്പെടുത്തിയിട്ടുണ്ട്. ആദ്യം രജിസ്റ്റർ ചെയ്യുന്നവരെയാണ് ആദ്യം പരിഗണിക്കുന്നത്. രജിസ്ട്രേഷൻ ഫീ : 3,350 രൂപയാണ്. മാർച്ച് 26 വരെ അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനും https://icfoss.in/event-details/207 എന്ന വെബ്സൈറ്റ് സന്ദർശിക്കുക അല്ലെങ്കിൽ രാവിലെ 10 മണി മുതൽ വൈകുന്നരം 5 മണിവരെ +91 7356610110, +91 471 2413012 / 13 / 14, +91 9400225962 എന്നീ നമ്പരുകളിൽ ബന്ധപ്പെടുക.

# വായനശാലകൾക്ക് കമ്പ്യൂട്ടറും പ്രിന്ററും വിതരണം ചെയ്തു

**തൃശൂർ:** വായനശാലകളുടെ ആധുനികവത്കരണവും ഡിജിറ്റലൈസേഷനും ലക്ഷ്യമിട്ട് വടക്കാഞ്ചേരി നഗരസഭയിലെ വായനശാലകൾക്ക് കമ്പ്യൂട്ടറും പ്രിന്ററും വിതരണം ചെയ്തു. വിതരണ ഉദ്ഘാടനം സേവ്യർ ചിറ്റിലപ്പിള്ളി എംഎൽഎ നിർവഹിച്ചു. നഗരസഭയിലെ ഗ്രാമീണ വായനശാല കുമ്പളങ്ങാട്, ഗ്രാമീണ വായനശാല കുമരനെല്ലൂർ, ഹർഷൻ പൊതുവായനശാല മാരാത്ത്കുന്ന്, ഒടുവിൽ കുഞ്ഞികൃഷ്ണമേനോൻ സ്മാരക വായനശാല എങ്കക്കാട്, ശ്രീ കേരളവർമ്മ പൊതുവായനശാല വടക്കാഞ്ചേരി, തരംഗിണി ഗ്രാമീണ വായനശാല മംഗലം, ഗ്രാമീണ വായനശാല പാർളിക്കാട്, ഗ്രാമീണ വായനശാല മിണാലൂർ, ഇ കെ എൻ ഗ്രന്ഥശാല ആര്യംപാടം, അനന്തനാരായണ അയ്യർ സ്മാരക ഗ്രാമീണ വായനശാല പുതുരുത്തി, ഗ്രാമീണ വായനശാല പെരിങ്ങണ്ടൂർ, ഗ്രാമീണ വായനശാല മുണ്ടത്തിക്കോട് എന്നീ 12 വായന ശാലകൾക്കാണ് ഉപകരണങ്ങൾ നൽകിയത്.

നഗരസഭാ ഹാളിൽ നടന്ന ചടങ്ങിൽ നഗരസഭ ചെയർമാൻ പി എൻ സുരേന്ദ്രൻ അധ്യക്ഷനായി. നഗരസഭ വൈസ് ചെയർപേഴ്സൺ ഷീല മോഹൻ ഒ ആർ സ്വാഗതം പറഞ്ഞു. സ്ഥിരം സമിതി അധ്യക്ഷരായ ജമീലാബി എ എം , സ്വപ്ന ശശി, നഗരസഭാ സെക്രട്ടറി കെ കെ മനോജ്, ലൈബ്രറി കൗൺസിൽ ജില്ലാ ജോ. സെക്രട്ടറി വി മുരളി, തലപ്പിള്ളി താലൂക്ക് ലൈബ്രറി കൗൺസിൽ സെക്രട്ടറി കെ കെ ജയപ്രകാശ്, നഗരസഭ കൗൺസിലർമാർ, നഗരസഭ ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

# ടെക്നിക്കൽ ഹൈസ്കൂൾ പ്രവേശനം

**തിരുവനന്തപുരം:** നെടുമങ്ങാട് സർക്കാർ ടെക്നിക്കൽ ഹൈസ്കൂളിലെ എട്ടാം ക്ലാസ് പ്രവേശനത്തിനായി അപേക്ഷകൾ സ്വീകരിക്കുന്നു. www.polyadmission.org/ths എന്ന ലിങ്ക് വഴി വിദ്യാർഥികൾക്ക് ഓൺലൈനായി ഏപ്രിൽ എട്ടു വരെയാണ് അപേക്ഷിക്കാനാകുക.

പൊതുവിദ്യാഭ്യാസത്തോടൊപ്പം സ്പെഷ്യലിസ്റ്റ് ട്രേഡുകളായ ഫിറ്റിംഗ്, വെൽഡിംഗ്, ഇലക്ട്രിക്കൽ വയറിംഗ് മെയ്ന്റനൻസ് ഓഫ് ഡൊമസ്റ്റിക് അപ്ലയൻസസ്, മെയ്ന്റനൻസ് ഓഫ് ടു ത്രീ വീലർ, ടേണിംഗ്, ഇലക്ട്രോപ്ലേറ്റിംഗ് എന്നിവയിൽ പരിജ്ഞാനം നേടാൻ വിദ്യാർഥികൾക്ക് അവസരം ലഭിക്കും. ഫോൺ: 9846170024

# ലൈഫ് മിഷൻ സമാനതകളില്ലാത്ത പദ്ധതിയെന്ന് മന്ത്രി എം ബി രാജേഷ്

**തൃശ്ശൂർ:** ഇന്ത്യയിലെ തന്നെ സമാനതകളില്ലാത്ത ഭവന പദ്ധതിയായി ലൈഫ് മിഷൻ മാറിയിരിക്കുന്നു എന്നും ഇന്ത്യയിൽ ഒരു സംസ്ഥാനത്തും സ്വാതന്ത്ര്യത്തിന് ശേഷം ഇത്ര ചുരുങ്ങിയ കാലയളവിൽ ഇത്രയും വീടുകൾ നൽകിയിട്ടില്ലെന്നും തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എം.ബി രാജേഷ് പറഞ്ഞു. വലപ്പാട് ഗ്രാമ പഞ്ചായത്തിൽ സെലക്സ് ഗ്രൂപ്പിന്റെ സഹകരണത്തോടെ നിർമ്മിക്കുന്ന ലൈഫ് ഭവന സമുച്ചയത്തിന്റെ നിർമ്മാണോദ്ഘാടനം നിർവ്വഹിക്കുകയായിരുന്നു അദ്ദേഹം.

ലൈഫ് പദ്ധതിയുടെ ഭാഗമായി ഇതുവരെ നാല് ലക്ഷത്തി മുപ്പത്തിരണ്ടായിരത്തി ഒരുന്നൂറ്റി അമ്പത്തിയൊമ്പത് പേർക്കുള്ള വീട് നിർമ്മാണം പൂർത്തിയാക്കി. ഒരു ലക്ഷത്തി പതിനൊന്നായിരത്തി തൊള്ളായിരത്തി അമ്പത് വീടുകളുടെ നിർമ്മാണം നടന്നു കൊണ്ടിരിക്കുന്നു. ആകെ അഞ്ച് ലക്ഷത്തി നാൽപ്പത്തി നാലായിരത്തി തൊള്ളായിരത്തി അമ്പത്തിയൊമ്പത് വീടുകളാണ് ലൈഫ് മിഷൻ പദ്ധതിയിൽ ഇതുവരെ അനുവദിച്ചത്. ഭവന നിർമ്മാണത്തിനായി ഒരു ഗുണഭോക്താവിന് നാല് ലക്ഷം രൂപയാണ് കേരളം കൊടുക്കുന്നത്. പട്ടിക വർഗ്ഗ സങ്കേതത്തിൽ ആണെങ്കിൽ ആറ് ലക്ഷം രൂപ നൽകുന്നു. ഇന്ത്യയിൽ ഒരു സംസ്ഥാനവും ഈ തുകയുടെ പകുതി പോലും നൽകുന്നില്ല. ഭവന നിർമ്മാണത്തിനായി പ്രധാൻമന്ത്രി ആവാസ് യോജന നൽകുന്നത് ഒരു ഗുണഭോക്താവിന് എഴുപത്തിരണ്ടായിരം രൂപയാണ്. ഇതുവരെ മുപ്പത്തിനാലായിരം പേർക്കാണ് പിഎംഎവൈ വഴി ഫണ്ട് നൽകിയത്. കേരളം ഇതുവരെ വീടില്ലാത്തവർക്കായി 18,800 കോടി രൂപ ചിലവഴിച്ചു. അതിൽ കേന്ദ്രത്തിന്റെ വിഹിതം 2081 കോടി രൂപയും ഉൾപ്പെടുന്നു. ബാക്കി പണം സംസ്ഥാന സർക്കാരും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും പിന്നെ വായ്പയുമായി എടുത്തതാണ്.

തൃശ്ശൂർ ജില്ലയിൽ ലൈഫ് ഭവന പദ്ധതി മികച്ച രീതിയിൽ നടപ്പാക്കിയിട്ടുണ്ട്. ജില്ലയിൽ ലൈഫിൽ വീട് കൊടുക്കാൻ ഇതുവരെ ചിലവഴിച്ചത് ആയിരത്തി മുന്നൂറ്റിയൊന്ന് കോടി മുപ്പത്തിയൊമ്പത് ലക്ഷം രൂപ. ആയിരത്തി ഒരുന്നൂറ്റി രണ്ട് കോടി സംസ്ഥാന സർക്കാരിന്റേതും തദ്ദേശ സ്ഥാപനങ്ങളുടേതും. കേന്ദ്രത്തിന്റെ വിഹിതം 199 കോടി 18 ലക്ഷത്തി എഴുപത്തിനാലായിരം രൂപ. ജില്ലയിൽ ഭൂമിയുള്ള ഭവനരഹിതരിൽ അർഹരായ പട്ടികജാതി പട്ടികവർഗ്ഗ, മത്സ്യത്തൊഴിലാളി, അതിദരിദ്ര വിഭാഗത്തിലെ എല്ലാവർക്കും വീട് കൊടുത്തു കഴിഞ്ഞു.

ജില്ലയിലെ പകുതിയോളം തദ്ദേശ സ്ഥാപനങ്ങളിൽ ഭൂമിയുള്ള വീടില്ലാത്തവരിൽ എല്ലാവർക്കും വീട് കൊടുക്കാൻ കഴിഞ്ഞിട്ടുണ്ട്. ഭൂമിയില്ലാത്ത വീടില്ലാത്തവരിൽ നാലായിരത്തി എഴുപത് പേർക്ക് വീട് കൊടുത്തിട്ടുണ്ട്. സംഭാവനയായി 91 സെന്റ് ഭൂമി ലഭിച്ചു. ഭൂമി സംഭാവനയായി നൽകുന്നതിനായി സർക്കാർ ആവിഷ്കരിച്ച ക്യാമ്പയിൻ ആണ് മനസ്സോടെ ഇത്തിരി മണ്ണ്. കേരളത്തിലെ സമ്പന്നർ മാത്രമല്ല സാധാരണക്കാരും ഇരുപത്തി മൂന്നിലധികം ഏക്കർ ഭൂമി ഇതുവരെ സംഭാവനയായി നൽകിയിട്ടുണ്ട്.

വലപ്പാട് ഗ്രാമപഞ്ചായത്തിൽ ഈ ഭരണസമിതിയുടെ കാലയളവിൽ ലൈഫ് ഭവന പദ്ധതിയുമായി ബന്ധപ്പെട്ട് ഇരുന്നൂറോളം ഭവന രഹിതർക്കാണ് വീടുകൾ നൽകിയത്. ഇതിന് പുറമെയാണ് സെലക്സ് ഗ്രൂപ്പുമായി സഹകരിച്ച് ഭൂരഹിതർക്കായി ഫ്ളാറ്റ് സമുച്ചയം നിർമ്മിക്കുന്നത്. വലപ്പാട് ഗ്രാമപഞ്ചായത്ത് തൃശ്ശൂർ ജില്ലാപഞ്ചായത്തുമായി സഹകരിച്ച് പതിനെട്ടാം വാർഡിൽ വാങ്ങിയ 56 സെന്റ് സ്ഥലത്ത് രണ്ട് നിലകളിലായി പന്ത്രണ്ട് അപ്പാർട്ട്മെന്റുകളാണ് മൂന്ന് ബ്ലോക്കുകളായി നിർമ്മിക്കുന്നത്. ഓരോ അപ്പാർട്ട്മെന്റും അറുന്നൂറ്റിയമ്പത് ചതുരശ്രഅടി വിസ്തീർണ്ണമുള്ളവയാണ്.

സി.സി. മുകുന്ദൻ എംഎൽഎ അധ്യക്ഷത വഹിച്ച ചടങ്ങിൽ സെലെക്സ് ഗ്രൂപ്പ് ഗ്ലോബൽ സിഎഫ്ഒ പി.യു ഷിഹാബ് റിപ്പോർട്ട് അവതരിപ്പിച്ചു. ജില്ലാ പഞ്ചായത്ത് സ്റ്റാന്റിംഗ് കമ്മറ്റി ചെയർപേഴ്സൺമാരായ പി.എ. അഹമ്മദ്, മഞ്ജുള അരുണൻ, തളിക്കുളം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ.സി. പ്രസാദ്, വലപ്പാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഷിനിത ആഷിക്ക്, വൈസ് പ്രസിഡന്റ് വി.ആർ. ജിത്ത്,

തളിക്കുളം ബ്ലോക്ക് പഞ്ചായത്ത് സ്റ്റാന്റിങ് കമ്മറ്റി ചെയർപേഴ്സൺമാരായ ബിജോഷ് ആനന്ദൻ, മല്ലിക ദേവൻ, ജില്ലാ ലൈഫ് മിഷൻ കോഡിനേറ്റർ വി ആന്റണി, ആസൂത്രണസമിതി ഉപാധ്യക്ഷൻ ഇ.കെ. തോമസ് മാസ്റ്റർ, വാർഡ് മെമ്പർമാർ, പഞ്ചായത്ത് ഉദ്യോഗസ്ഥർ, വിവിധ രാഷ്ട്രീയ പാർട്ടികളുടെ പ്രതിനിധികൾ തുടങ്ങിയവർ ചടങ്ങിൽ സംസാരിച്ചു.

# പുതിയ അധ്യയന വർഷം മുതൽ ഹെൽത്തി കിഡ്സ് പാഠപുസ്തകങ്ങൾ ഒരുക്കും: മന്ത്രി വി അബ്ദുറഹ്മാൻ

**തൃശ്ശൂർ:** കായിക വിദ്യാഭ്യാസത്തിന് കൂടുതൽ പ്രാധാന്യം നൽകി അടുത്ത അധ്യയന വർഷം മുതൽ എല്ലാ വിദ്യാലയങ്ങളിലും ഹെൽത്തി കിഡ്സ് എന്ന പേരിൽ പാഠപുസ്തകങ്ങൾ ഒരുക്കുമെന്ന് കായിക വകുപ്പ് മന്ത്രി വി അബ്ദുറഹ്മാൻ പറഞ്ഞു. ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയുടെ ഭാഗമായി വലപ്പാട് ഗവ. സ്കൂൾ ഗ്രൗണ്ട് നവീകരണോദ്ഘാടനം നിർവ്വഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി.

പ്രൈമറി തലത്തിൽ തയ്യാറാക്കുന്ന ഹെൽത്തി കിഡ്സ് പാഠപുസ്തകങ്ങളുടെ പരിശീലനം അവധിക്കാലത്ത് അധ്യാപകർക്ക് നൽകും.

ഉന്നത വിദ്യാഭ്യാസ മേഖലയിൽ കായികരംഗത്തെ വിദ്യാർത്ഥികൾക്ക് കൂടുതൽ അവസരം ലഭ്യമാകുന്നതിന് പിജി കോഴ്സുകൾ ആരംഭിക്കുമെന്നും മന്ത്രി പറഞ്ഞു. രാജ്യത്തിന് മാതൃകയാകുന്ന രീതിയിൽ കായിക നയം രൂപീകരിച്ച് 196 പഞ്ചായത്തുകളിൽ കളിക്കളം നിർമ്മിച്ചു. നിരവധി പഞ്ചായത്തുകളിൽ നിർമ്മാണം പുരോഗമിക്കുകയാണ്. കഴിഞ്ഞ എട്ട് വർഷത്തിനുള്ളിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് 49 സ്റ്റേഡിയങ്ങൾ നിർമ്മിച്ചെന്നും മന്ത്രി കൂട്ടിച്ചേർത്തു.

കായികാധ്യാപകരുടെ കുറവ് പരിഹരിക്കുന്നതിനായി തൃശൂർ ജില്ലാ പഞ്ചായത്ത് ആവിഷ്കരിച്ച രണ്ടു വിദ്യാലയങ്ങൾക്ക് ഒരു കായികാധ്യാപകൻ എന്ന മാതൃകാപദ്ധതി മുന്നോട്ടുവച്ച ജില്ലാ പഞ്ചായത്ത് പ്രസിഡന്റിനെ മന്ത്രി അനുമോദിച്ചു.

കായികരംഗത്തെ വികസനം ലക്ഷ്യമിട്ട് സംസ്ഥാന ജില്ലാ തല മത്സരങ്ങളിൽ പങ്കെടുത്തിട്ടുള്ള കായിക താരങ്ങൾക്ക് ഓരോ വിദ്യാലയങ്ങളിലും പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ കായിക പരിശീലനം നൽകുന്ന പ്രവൃത്തി നടന്നുവരികയാണ്. ഓരോ പഞ്ചായത്തിലും കളിക്കളങ്ങൾ ഒരുക്കി ഇത്തരം പദ്ധതികളിലൂടെ കായികരംഗത്ത് തൊഴിലും യുവ തലമുറയെ ലഹരിയിൽ നിന്ന് അകറ്റി കായിക ക്ഷമതയുള്ള ഒരു തലമുറയെ വാർത്തെടുക്കാനും സാധിക്കുന്നു.

സംസ്ഥാന സർക്കാരിന്റെ വിഹിതവും സി.സി മുകുന്ദൻ എം എൽ എയുടെ ആസ്തി ഫണ്ടും ഉൾപ്പെടുത്തി ഒരു കോടി രൂപ വിനിയോഗിച്ചാണ് ഗ്രൗണ്ട് നിർമ്മിക്കുന്നത്. ഫുട്ബോൾ കോർട്ട്, ഗാലറി, അക്രിലിക് ബാഡ്മിന്റൺ കോർട്ട്, ക്രിക്കറ്റ് നെറ്റ്സ്, മൂന്ന് വരികളോടെ ഗാലറി, ആറ് മീറ്റർ ഉയരത്തിൽ നൈലോൺ നെറ്റ് ഉപയോഗിച്ച് ഫെൻസിങ്ങ് എന്നിവ ഉൾപ്പെടുന്നതാണ് പദ്ധതി. ആധുനിക നിലവാരത്തിലുള്ള കുഷൻ ലെയർ ഫുട്ബോൾ കോർട്ട് ആറ് മാസത്തിനുള്ളിൽ നിർമാണം പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നത്.

സി.സി മുകുന്ദൻ എംഎൽഎ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ സ്പോർട് കേരള ഫൌണ്ടേഷൻ ചീഫ് എഞ്ചിനീയർ ഇപിഎം അഷ്റഫ് റിപ്പോർട്ട് അവതരിപ്പിച്ചു. തൃശൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് വി.എസ് പ്രിൻസ് മുഖ്യാതിഥിയായി. വിദ്യഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ റഹീം വീട്ടിപ്പറമ്പിൽ, തളിക്കുളം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ.സി പ്രസാദ്, വലപ്പാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഷിനിത ആഷിഖ്, എറണാകുളം ഡയറക്ടറേറ്റ് സ്പോർട്സ് ആന്റ് യൂത്ത് അഫയേഴ്സ് ഡെപ്യൂട്ടി ഡയറക്ടർ സി.എസ് രമേഷ്, ബ്ലോക്ക് ഡിവിഷൻ മെമ്പർ സി.ആർ ഷൈൻ, വലപ്പാട് ഗ്രാമ പഞ്ചായത്ത് വൈസ് പ്രസിഡന്റ് വി.ആർ ജിത്ത്, വാർഡ് മെമ്പർ ഇ.പി അജയഘോഷ്, വലപ്പാട് എ ഇ ഒ കെ.വി അമ്പിളി, തളിക്കുളം ബി ആർ സിയിലെ ബി പി സി ടി.വി ചിത്രകുമാർ, വിവിധ രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ, അധ്യാപകർ, വിദ്യാർഥികൾ, രക്ഷിതാക്കൾ തുടങ്ങിയവർ പങ്കെടുത്തു.

# ലഹരി മാഫിയയെ അമർച്ച ചെയ്യാനുള്ള യത്നത്തിന് പുതിയ സേനാംഗങ്ങൾ ശക്തി പകരണം: മുഖ്യമന്ത്രി

**തൃശ്ശൂർ:** ലഹരി മാഫിയയുടെ പിടിയിൽ നിന്ന് നാടിനെ മോചിപ്പിക്കാനുള്ള പരിശ്രമത്തിന് കൂടുതൽ ശക്തി പകരാൻ പുതിയ സേനാംഗങ്ങൾക്കാകണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. തൃശ്ശൂർ രാമവർമപുരം കേരള പോലീസ് അക്കാദമിയിൽ പരിശീലനം പൂർത്തിയാക്കിയ 31 ബി ബാച്ചിലെ 118 സബ് ഇൻസ്പെക്ടർ പരിശീലനാർത്ഥികളുടെ പാസിംഗ്ഔട്ട് പരേഡിന് അഭിവാദ്യം സ്വീകരിച്ച ശേഷം സംസാരിക്കുകയായിരുന്നു അദ്ദേഹം.

അടുത്തകാലത്തായി അനിയന്ത്രിതമായി പടരുന്ന ലഹരി മാഫിയ പ്രായലിംഗഭേദമില്ലാതെ സമൂഹത്തെ നശിപ്പിക്കുന്നു. സിന്തറ്റിക് ലഹരി മരുന്നുകൾ മനുഷ്യരെ മനുഷ്യരല്ലാതാക്കുന്നു. ഇതിനെതിരെ പോലീസും എക്സൈസും ഫലപ്രദമായി ഇടപെടുന്നുണ്ട്. ആധുനിക സാങ്കേതിക വിദ്യകൾ ദുരുപയോഗം ചെയ്യുന്ന സൈബർ കുറ്റകൃത്യങ്ങളുടെ എണ്ണത്തിലും വർദ്ധനവുണ്ട്. ഇവയെ ചെറുത്തു തോൽപ്പിക്കാൻ കൂട്ടായ പരിശ്രമം ഉണ്ടാകണമെന്ന് മുഖ്യമന്ത്രി പറഞ്ഞു. ക്രമസമാധാന പാലനമാണ് പൊലീസിൻറെ പ്രാഥമിക ചുമതലയെങ്കിലും ജനങ്ങൾ രക്ഷകരായാണ് പൊലീസിനെ കാണുന്നതെന്നും അതനുസരിച്ചുള്ള ഉയർന്ന പ്രവർത്തനം കാഴ്ച്ചവയ്ക്കാൻ പുതിയ സേനാംഗങ്ങൾകാക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

കേരള പോലീസ് അക്കാദമിയിൽ പരിശീലനം പൂർത്തിയാക്കിയ 31 ബി ബാച്ചിലെ 118 സബ് ഇൻസ്പെക്ടർ പരിശീലനാർത്ഥികളാണ് പാസിംഗ് ഔട്ട് ചടങ്ങിലൂടെ കർമ്മപഥത്തിലേക്ക് എത്തിയത്.

ബിബിൻ ജോൺ ബാബുജി നയിച്ച പരേഡിൻറെ സെക്കൻഡ് ഇൻ കമാൻഡ് വർഷാ മധുവായിരുന്നു. ചടങ്ങിൽ പരിശീലന കാലയളവിൽ മികച്ച പ്രകടനം കാഴ്ചവെച്ചവർക്ക് മുഖ്യമന്ത്രി പുരസ്കാരം വിതരണം ചെയ്തു. മികച്ച ഇൻഡോർ കേഡറ്റായി ടി.എസ് ശ്രുതിയും മികച്ച ഔട്ട്ഡോർ കേഡറ്റായി വർഷാ മധുവും തിരഞ്ഞെടുക്കപ്പെട്ടു. മിജോ ജോസായിരുന്നു മികച്ച ഷൂട്ടർ. ബിബിൻ ജോൺ ബാബുജിയായിരുന്നു ഓൾ റൗണ്ടർ.

2024 ഫെബ്രുവരി 20 ന് ആരംഭിച്ച ഒരുവർഷക്കാലത്തെ അടിസ്ഥാന പരിശീലനത്തിൻറെ ഭാഗമായി ഇവർ ഔട്ട്ഡോർ വിഭാഗത്തിൽ പരേഡ്, ശാരീരികക്ഷമത പരിശീലനം എന്നിവയ്ക്ക് പുറമേ ഷീൽഡ് ആൻഡ് ലത്തി ഡ്രിൽ, വൺ മിനിറ്റ് ഡ്രിൽ, സെറിമോണിയൽ ഡ്രിൽ, സ്കഡോർഡ് ഡ്രിൽ, കെയിൻ ഡ്രിൽ, മോബ് ഓപ്പറേഷൻ, ഒബ്സ്റ്റക്കിൾ കോഴ്സ്, ഫീൽഡ് ക്രാഫ്റ്റ് ആൻഡ് മാപ്പ് റീഡിംഗ്, ബോംബ് ഡിറ്റക്ഷൻ ആൻഡ് ഡിസ്പോസൽ, കരാട്ടേ, യോഗ, നീന്തൽ, ഡ്രൈവിംഗ് എന്നിവയിലും വിദഗ്ധ പരിശീലനം നേടിയിട്ടുണ്ട്. കൂടാതെ എസ്ഒജിയുടെ കീഴിൽ കമാന്റോ ട്രെയിനിംഗ്, ഹൈ ആൾട്ടിറ്റ്യൂഡ് ട്രെയിനിംഗ്, കോസ്റ്റൽ സെക്യൂരിറ്റി ട്രെയിനിംഗ് എന്നിവയിലും അത്യാധുനിക ആയുധങ്ങളായ എ.കെ 47, താർ, ഇൻസാസ്, എസ്എൽആർ, എൽഎംജി, ഗ്ലോക്ക് പിസ്റ്റൽ, 9 എംഎം പിസ്റ്റൽ, കാർബൈൻ എന്നിവയിൽ ഫയറിംഗ് പരിശീലനവും നൽകിയിട്ടുണ്ട്. ഇൻഡോർ വിഭാഗത്തിൽ ഇന്ത്യൻ ഭരണഘടന, ഭാരതീയ ന്യായ സൻഹിത, ഭാരതീയ നാഗരിക് സുരക്ഷാ സൻഹിത, ഭാരതീയ സാക്ഷ്യ അധിനിയം, ഇന്ത്യൻ ശിക്ഷാ നിയമം, ക്രിമിനൽ നടപടി ക്രമം, തെളിവ് നിയമം, മറ്റ് നിയമങ്ങൾ, പോലീസ് സ്റ്റേഷൻ മാനേജ്മെൻറ്, ട്രാഫിക്ക് മാനേജ്മെൻറ്, കേസന്വേഷണം, വി.ഐ.പി ബന്തവസ്സ്, ഇൻറേണൽ സെക്യൂരിറ്റി, ഡിസാസ്റ്റർ മാനേജ്മെൻറ്, ഫോറൻസിക് സയൻസ്, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഇൻ പോലീസിങ്, കമ്പാഷനേറ്റ് കമ്മ്യൂണിക്കേഷൻ ആർഡ് ഇന്റർവെൻഷൻ ബൈ പോലീസ് (സിസിഐപി), ഫോറൻസിക് മെഡിസിൻ, കംപ്യൂട്ടർ, സൈബർ കുറ്റകൃത്യങ്ങൾ, ക്രിമിനോളജി, പീനോളജി, വിക്ടിമോളജി, സ്ത്രീകൾ, കുട്ടികൾ, മുതിർന്ന പൗരന്മാർ, ജെൻഡർ ന്യൂട്രൽസ് തുടങ്ങിയവരോടുള്ള പെരുമാറ്റം, പരിസ്ഥിതിക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ തടയൽ, ഫസ്റ്റ് എയ്ഡ് തുടങ്ങിയ വിഷയങ്ങളിൽ ക്ലാസ്സ് റൂം പരിശീലനവും ലഭ്യമായിട്ടുണ്ട്. കൂടാതെ കേരളം സമീപകാലത്ത് നേരിട്ട പ്രളയകെടുതികൾ പോലുള്ള പ്രകൃതി ദുരന്തങ്ങളിൽ ജനങ്ങളുടെ സുരക്ഷ ഉറപ്പ് വരുത്തുന്നതിന് വേണ്ടി ഡിസാസ്റ്റർ മാനേജ്മെൻറ് എന്ന വിഷയത്തിൽ ഇവർക്ക് നാഷണൽ ഡിസാസ്റ്റർ റെസ്പോൺസ് ഫോഴ്സിലെ വിദഗ്ദ്ധർ പരിശീലനം നൽകിയിട്ടുണ്ട്.

സർക്കാർ വിഭാവനം ചെയ്യുന്ന തരത്തിലുള്ള നവകേരള സൃഷ്ടിക്കായി പോലീസിൻറെ തൊഴിൽ വൈദഗ്ദ്ധ്യം വർദ്ധിപ്പിക്കുന്നതിനും, പൊതുജനങ്ങളോടുള്ള പെരുമാറ്റം മെച്ചപ്പെടുത്തുന്നതിനും പോലീസിൻറെ ആപ്തവാക്യമായ 'മൃദു ഭാവേ ദൃഢ കൃത്യേ' അന്വർത്ഥമാക്കുന്നതിനും ഉതകുന്ന രീതിയിലുള്ള പരിശീലനമാണ് പരിശീലന കാലയളവിൽ നൽകിയിട്ടുള്ളത്.

കോസ്റ്റൽ സെക്യൂരിറ്റി പ്രായോഗിക പരിശീലനം കൊച്ചി നേവൽ ബേസിലും, ഫോർട്ട് കൊച്ചി തീരദേശ പോലീസ് സ്റ്റേഷനിലും, ഫോറൻസിക് മെഡിസിൻ പ്രായോഗിക പരിശീലനം തൃശ്ശൂർ മെഡിക്കൽ കോളേജ് ആശുപത്രിയിലും ലഭ്യമാക്കിയിട്ടുള്ളതാണ്. അരീക്കോട് എംഎസ്പി ക്യാമ്പിൽ 15 ദിവസത്തെ ഭീകര വിരുദ്ധ പരിശീലനവും, ഇടുക്കിയിലെ കുട്ടിക്കാനത്ത് 5 ദിവസത്തെ ഹൈ ആൾട്ടിട്യൂഡ് പരിശീലനവും നൽകി.

പരിശീലന കാലയളവിൽ തന്നെ പ്രായോഗിക പരിശീലനം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ 2024 ലോകസഭ തിരഞ്ഞെടുപ്പിനോടനുബന്ധിച്ച് തൃശ്ശൂർ ജില്ലയിലെ വിവിധ സ്റ്റേഷനുകളിൽ ഡ്യൂട്ടിക്കായും, തൃശ്ശൂർ പൂരത്തിനോടനുബന്ധിച്ചുള്ള ക്രമസമാധാനപാലന ഡ്യൂട്ടിക്കായും ഇവരെ നിയോഗിച്ചിട്ടുള്ളതാണ്. മുൻ ബാച്ചുകളിലേത് പോലെതന്നെ പരിശീലനം പൂർത്തിയാക്കി കേരള പോലീസിൻറെ ഭാഗമാകുന്ന 31 ബി ബാച്ചിലും ഉന്നത വിദ്യാഭ്യാസം നേടിയിട്ടുള്ള നിരവധി പേരാണുള്ളത്. ഇന്ന് പാസ്ഔട്ടായി സേനയിൽ ചേരുന്നവരിൽ 18 ബിരുദാനന്തര ബിരുദധാരികളും, മൂന്നു എംബിഎക്കാരും, മൂന്നു എം ടെക്, 39 ബി ടെക്, 55 ബിരുദധാരികളും ഉൾപ്പെടുന്നു.



# പഴങ്ങനാട് സെന്റ് അഗസ്റ്റിൻസ് എൽ. പി. സ്കൂൾ നാടിന്റെ നന്മയും സമൃദ്ധിയും ആഘോഷവുമാണെന്ന് റവ ഫാ.ഡോ ബെന്നി പാലാട്ടി

**കിഴക്കമ്പലം :** പഴങ്ങനാട് സെന്റ് അഗസ്റ്റിൻസ് എൽ. പി. സ്കൂൾ ഈ നാടിന്റെ നന്മയും സമൃദ്ധിയും ആഘോഷവുമാണെന്ന് റവ ഫാ.ഡോ ബെന്നി പാലാട്ടി.സ്കൂളി ന്റെ 650 വാർഷിക ആഘോഷ ചടങ്ങിൽ അനുഗ്രഹ പ്രഭാഷണം നടത്തുക യായിരുന്നു ഫാ.ബെന്നി പാലാട്ടി പഠനം എന്നാൽ പുസ്തകത്തിൽ മാത്രം ഒതുങ്ങി നിൽക്കുന്നതല്ല പ്രകൃതിയെ പറ്റി പഠിക്കണം ബാല്യകാലം ആസ്വദിക്കണം പ്രകൃതി യോടപ്പവും സമുഹത്തോടൊപ്പവും കാര്യങ്ങൾ ഗ്രഹിക്കുമ്പോഴാണ് യഥാർത്ഥ വിദ്യാഭ്യാസം വിദ്യാലയങ്ങളിൽ രൂപപെടുന്നത്. എറണാകുളംഅങ്കമാലി രൂപത ഏജൻസിയിൽ 76 സ്കുളുകൾ പ്രവർത്തിക്കുന്നുണ്ടെന്നും ഭൂരിഭാഗം സ്കൂളുകളും 125 വർഷം പൂർത്തിയാക്കിയതാക്കിയതായും അസിസ്റ്റന്റ് കോർപറേറ്റ് മാനേജർ റവ. ഡോ. ബെന്നി പാലാട്ടി പ്രഭാഷണത്തിൽ പറഞ്ഞു

സെന്റ് അഗസ്റ്റിൻ സ് പാരീഷ് ഹാളിൽ സർഗം 2025പൊതു സമ്മേളനം ഉദ്ഘാടനം . കിഴക്കമ്പലം ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് മിനി രതീഷ് നിർവ്വഹിച്ചു സ്കൂൾ മാനേജർ റവ ഡോ പോൾ കൈ പ്രൻ മ്പാടൻ അദ്ധ്യക്ഷത വഹിച്ചു

പഞ്ചായത്ത് വിദ്യാഭ്യാസ ആരോഗ്യ സ്റ്റാൻഡിംങ്ങ് കമ്മറ്റി ചെയർപേഴ്സൺ ജെ നീസ് പി കാച്ചപ്പിള്ളി വാർഡ് മെമ്പർ ഷീബ ജോർജ് ദേവാലയ ട്രസ്റ്റി ജിജോ ജോസഫ് പി.ടി.എ പ്രസിഡന്റ് ജിനീഷ് കെ വി വിദ്യാർത്ഥി പ്രതിനിധി എ യിൻ മാർവിൻ എന്നിവർ ആശംസാപ്രസംഗം നടത്തി. സ്കൂൾ എച്ച് എം റോജി പി. ചാക്കോ വാർഷിക റിപ്പോർട്ടും അധ്യാപക പ്രതിനിധി ഷാജി വർഗ്ഗീസ് കൃതജ്ഞതയും പറയും തുടർന്ന് കലാവിരുന്നും നടന്നു

# സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും കളിക്കളങ്ങൾ ഒരുക്കും

**കൊച്ചി:** കേരളത്തിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും കളിക്കളം ഒരുക്കുക എന്ന ലക്ഷ്യത്തോടെയാണ് സംസ്ഥാന സർക്കാർ മുന്നോട്ടുപോകുന്നതെന്ന് കായിക വകുപ്പ് മന്ത്രി വി. അബ്ദുറഹിമാൻ പറഞ്ഞു. നവീകരണം പൂർത്തീകരിച്ച പല്ലാരിമംഗലം പഞ്ചായത്ത് ഇ.എം.എസ് സ്റ്റേഡിയം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

കായിക വകുപ്പിന്റെ നേതൃത്വത്തിൽ സംസ്ഥാനത്തെ വിവിധ പഞ്ചായത്തുകളിലായി 129 കളിക്കളങ്ങൾ ഇതിനകം നിർമ്മിച്ചു കഴിഞ്ഞത്. പല്ലാരിമംഗലത്തെ സ്റ്റേഡിയം നാട്ടുകാർക്ക് ഏറെ ഉപകാരപ്പെടും.

എം.എൽ.എമാരുടെ ഫണ്ട് ഉപയോഗിച്ചും പ്ലാൻ ഫണ്ട് വിനിയോഗിച്ചും 200 ൽ അധികം കളിക്കളങ്ങളും ഒരുക്കിയിട്ടുണ്ട്. ഏകദേശം 150 ഇടങ്ങളിൽ കൂടി പദ്ധതി യാഥാർത്ഥ്യമാകുന്നതോടെ സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും ഒരു കളിക്കളം എന്ന ലക്ഷ്യം പൂർത്തീകരിക്കും. കോതമംഗലം പ്രദേശത്തെ ഏതെങ്കിലും പഞ്ചായത്തിൽ കളിക്കളം ഇല്ലാത്ത സാഹചര്യം ഉണ്ടെങ്കിൽ അതും പരിഗണിക്കും.

കോതമംഗലം ചേലാട് സ്റ്റേഡിയം നിർമ്മാണ നടപടികൾ വേഗത്തിൽ തുടങ്ങുമെന്നും മന്ത്രി അറിയിച്ചു. നിലവിലെ നിർവഹണ ഏജൻസിയിൽ നിന്നും കായിക വകുപ്പ് നേരിട്ട് ഏറ്റെടുത്ത് സ്പോർട്സ് ഫൗണ്ടേഷൻ വഴി പദ്ധതി യാഥാർത്ഥ്യമാക്കും. 16.5 കോടി രൂപ ചെലവിൽ നിർമ്മിക്കുന്ന സ്റ്റേഡിയത്തിന്റെ നിർമ്മാണം ഒരു വർഷത്തിനുള്ളിൽ പൂർത്തീകരിക്കുകയാണ് ലക്ഷ്യമെന്നും മന്ത്രി പറഞ്ഞു. സംസ്ഥാന സർക്കാർ അനുവദിച്ച ഒരു കോടി രൂപ ചെലവഴിച്ചാണ് സ്റ്റേഡിയം നവീകരിച്ചത്. ഒട്ടേറെ വർഷങ്ങളായി പഞ്ചായത്തിലെ കായിക പ്രേമികളുടെ പ്രധാന ആവശ്യമായ സ്റ്റേഡിയം നവീകരിക്കണം സാധ്യമായിരിക്കുകയാണ് . ഗ്രൗണ്ട് ഡെവലപ്മെന്റ്, ഗ്യാലറി, ടോയ്ലെറ്റ് ബ്ലോക്ക്, ഡ്രൈനേജ്, റിട്ടൈനിംഗ് വാൾ, ഫെൻസിംഗ്, ഫ്ളെഡ് ലൈറ്റ് അനുബന്ധ സിവിൽ & ഇലക്ട്രിഫിക്കേഷൻ, ഗ്രൗണ്ട് ലെവലിംഗ്, ഇന്റർലോക്ക്, സ്റ്റേഡിയത്തിന്റെ പിൻ ഭാഗത്തെ ഡ്രൈനേജ് എന്നീ പ്രവൃത്തികൾ ഉൾപ്പെടുത്തിയാണ് നവീകരണം പൂർത്തീകരിച്ചിട്ടുള്ളത്.ഉദ്ഘാടന ചടങ്ങിൽ ആന്റണി ജോൺ എം.എൽ.എ അധ്യക്ഷനായി. പല്ലാരിമംഗലം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഖദീജ മുഹമ്മദ്, യുവജനക്ഷേമ ബോർഡ് വൈസ് ചെയർമാൻ എസ്.സതീഷ്, ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് ഒ.ഇ അബ്ബാസ്, എഫ്.ഐ.ടി ചെയർമാൻ ആർ. അനിൽകുമാർ, പഞ്ചായത്തംഗങ്ങളായ സഫിയ സലിം, സീനത്ത് മൈതീൻ, റിയാസ് തുരുത്തേൽ, നസിയ ഷെമീർ, എ.എ രമണൻ, രാഷ്ട്രീയ കക്ഷി പ്രതിനിധികളായ ഷാജി മുഹമ്മദ്, എം.എം ബക്കർ, യൂത്ത് കോ ഓഡിനേറ്റർ ഹക്കീം ഖാൻ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

# വ്യാപാരികൾ ഇന്ന് കലക്ടറേറ്റ് ഉപരോധിക്കും

**കൊച്ചി:** തൊഴിൽക്കരത്തിന്റെയും ലൈസൻസ് ഫീസിന്റെയും അന്യായമായ വർധനവിനും ഉദ്യോഗസ്ഥ മാഫിയയ്ക്കും എതിരെ കേരള വ്യാപാരി വ്യവസായി ഏകോപന സമിതി ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ ഇന്ന് വ്യാപാരികൾ എറണാകുളം കലക്ടറേറ്റ് ഉപരോധിക്കും. രാവിലെ 10. 30 ന് ആരംഭിക്കുന്ന ഉപരോധ സമരം കേരള വ്യാപാരി വ്യവസായി ഏകോപന സമിതി സംസ്ഥാന പ്രസിഡന്റ് രാജു അപ്സര ഉദ്ഘാടനം ചെയ്യും. ജില്ലാ പ്രസിഡന്റ് പി.സി ജേക്കബ്ബ് അധ്യക്ഷത വഹിക്കും.

# കേരള ന്യൂറോ സയൻസ് സൊസൈറ്റി: ഭാരവാഹികളെ തെരഞ്ഞെടുത്തു




ഡോ. ജെയിംസ് ജോസ്,ഡോ. അരുൺ ഉമ്മൻ

**കൊച്ചി:** കേരള ന്യൂറോ സയൻസ് സൊസൈറ്റി (കൈരളി ന്യൂറോ സൊസൈറ്റി) വാർഷിക ജനറൽ ബോഡി യോഗത്തിൽ പുതിയ ഭാരവാഹികളെ തെരഞ്ഞെടുത്തു.

കോഴിക്കോട് മെഡിക്കൽ കോളേജിലെ വിരമിച്ച പ്രൊഫസറും ന്യൂറോളജി വിഭാഗം മേധാവിയുമായ ഡോ. ജെയിംസ് ജോസ് പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ടു. കൊച്ചി ലേക്ഷോർ ആശുപത്രിയിലെ സീനിയർ ന്യൂറോ സർജൻ ഡോ. അരുൺ ഉമ്മനാണ് ഓണററി സെക്രട്ടറി.

കേരളത്തിലെ എല്ലാ ന്യൂറോളജിസ്റ്റുകളുടെയും ന്യൂറോ സർജൻമാരുടേയും അനുബന്ധ സ്പെഷ്യാലിറ്റികളുടെയും സംഘടനയാണ് കൈരളി ന്യൂറോ സയൻസ് സൊസൈറ്റി. സംഘടനയിൽ 650 അംഗങ്ങളാണുള്ളത്.

# നിയമസഭാ സാമാജികർക്കായി കെ.എസ്.എഫ്.ഡി.സി.യുടെ ചലച്ചിത്രപ്രദർശനം

**തിരുവനന്തപുരം:** കേരളത്തിലെ നിയമസഭാ സാമാജികർക്കായി കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ ചലച്ചിത്ര പ്രദർശനം ഒരുക്കുന്നു. മാർച്ച് 18, 20 തീയതികളിൽ വൈകുന്നേരം ആറുമണിക്ക് തിരുവനന്തപുരം കൈരളി തിയേറ്ററിലാണ് ചലച്ചിത്ര പ്രദർശനം നടക്കുക. സംസ്ഥാന സർക്കാരിന്റെ പട്ടികജാതി പട്ടികവർഗ്ഗ ശാക്തീകരണ ലക്ഷ്യങ്ങളുടെ ഭാഗമായി കെ എസ് എഫ് ഡി സി നിർമ്മിച്ച 'പ്രളയശേഷം ഒരു ജലകന്യക', 'അരിക്' എന്നീ സിനിമകളാണ് പ്രദർശിപ്പിക്കുന്നത്.വി.എസ് സനോജ് സംവിധാനം ചെയ്ത 'അരിക്', മനോജ് കുമാർ സി.എസ് സംവിധാനം ചെയ്ത പ്രളയശേഷം ഒരു ജലകന്യക' എന്നീ ചിത്രങ്ങൾ പ്രേക്ഷക സ്വീകാര്യത നേടി തിയേറ്ററുകളിൽ പ്രദർശനം തുടരുകയാണ്. ഇന്ത്യയിൽ ആദ്യമായാണ് പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗത്തിലെ സംവിധായകർക്കായി സിനിമാ നിർമ്മാണ പദ്ധതി ഒരു സർക്കാർ ആവിഷ്കരിക്കുന്നത്. പ്രത്യേക പ്രദർശനത്തിൽ നിയമസഭാ സാമാജികർക്ക് പുറമേ തലസ്ഥാനത്തെ ജനപ്രതിനിധികൾ, വകുപ്പ് മേധാവികൾ, വിവിധ സാംസ്കാരിക സ്ഥാപനങ്ങളുടെ സാരഥികൾ തുടങ്ങിയവർ പങ്കെടുക്കും.

# ലേസർ ബലൂൺ ആൻജിയോപ്ലാസ്റ്റിവഴി 80കാരന്റെ ഞരമ്പിലെ ബ്ലോക്ക് ഇല്ലാതാക്കി

**കൊല്ലം:** 80 വയസ്സുള്ള വ്യക്തിയിൽ ലേസർ ബലൂൺ ആൻജിയോപ്ലാസ്റ്റി വഴി ബ്ലോക്ക് വിജയകരമായി നീക്കം ചെയ്ത് ആസ്റ്റർ പി എം എഫ് ഹോസ്പിറ്റൽ കാർഡിയോളജി വിഭാഗം.

കാൽസ്യം പ്ലാക്ക് അടിഞ്ഞിരിക്കുന്ന ഞരമ്പുകളിൽ മുൻപ് ബ്ലോക്ക് നീക്കം ചെയ്യാനായി ശസ്ത്രക്രിയകൾ മാത്രമേ ചെയ്തിരുന്നുള്ളു. പക്ഷെ ഇപ്പോൾ കാൽസ്യം നീക്കം ചെയ്യാനുള്ള പുതിയ സാങ്കേതിക വിദ്യകൾ ലഭ്യമാണ്. അതിൽ ഏറ്റവും ആധുനികമാണ് ഇൻട്രാവാസ്കുലാർ ലിത്തോട്രിപ്സി . ഇൻട്രാവാസ്കുലാർ ലിത്തോട്രിപ്സി ബലൂൺ ആൻജിയോപ്ലാസ്റ്റി രക്തക്കുഴലുകളിൽ അടിഞ്ഞുകൂടിയ കാൽസ്യം നീക്കംചെയ്യുന്നതിനായി ഉപയോഗിക്കുന്നു. അമിതമായ കാൽസ്യം മൂലം രക്തയോട്ടം തടസ്സപ്പെടുകയും ഹൃദയത്തിന്റെ പ്രവർത്തനത്തെ ബാധിക്കുകയും ചെയ്യുന്ന അവസ്ഥയാണ് ഇത് വഴി പരിഹരിച്ചത്. കൂടാതെ, ക്രിയാറ്റിൻ കൂടാതിരിക്കാനും കിഡ്നിയെ സംരക്ഷിക്കാനും ഇൻട്രാവാസ്കുലർ അൾട്രാസൗണ്ട് ഇമേജ് ഉപയോഗിച്ചു.കാർഡിയോളജി വിഭാഗം സീനിയർ കൺസൾട്ടന്റ് കാർഡിയോളോജിസ്റ് ഡോ. പി. ശ്രീകല എന്നിവരുടെ നേതൃത്വത്തിലായിരുന്നു ബ്ലോക്ക് നീക്കം ചെയ്തത്.



# സി.സി.എഫ് സെലിബ്രിറ്റി ക്രിക്കറ്റ് പ്രീമിയർ ലീഗ് ടീമുകളെ അവതരിപ്പിച്ചു

**കൊച്ചി:** എന്റർടെയ്മന്റ് കാഴ്ചപ്പാടിൽ നടത്തുന്ന മത്സരങ്ങൾ ആവേശത്തേക്കാളേറെ ആഘോഷമാക്കുകയാണ് വേണ്ടതെന്ന് മുൻ ഇന്ത്യൻ ക്രിക്കറ്റ് താരം എസ്.ശ്രീശാന്ത്. കളിയിൽ വാശിവേണം, അത് മത്സരത്തിന്റെ സ്വഭാവത്തെ ഇല്ലാതാക്കും വിധമാകരുതെന്നും സെലിബ്രിറ്റി ക്രിക്കറ്റേഴ്സ് ഫ്രറ്റേനിറ്റി (സി.സി.എഫ്) സംഘടിപ്പിക്കുന്ന പ്രഥമ സി.സി.എഫ് പ്രീമിയർ ലീഗിന്റെ ഫ്രാഞ്ചൈസ് ക്രിക്കറ്റ് ലോഞ്ച് ചടങ്ങിൽ പങ്കെടുക്കവേ അദ്ദേഹം പറഞ്ഞു.

ഹോളിഡേ ഇൻ ഹോട്ടലിൽ നടന്ന ചടങ്ങിൽ സി.സി.എഫ് പ്രീമിയർ ലീഗിൽ മത്സരിക്കുന്ന 12 ടീമുകളുടെ അവതരണവും ലോഗോ പ്രകാശനവും നടന്നു. ടീം സെലിബ്രറ്റി ഉടമകളായ ഉണ്ണി മുകുന്ദൻ, വിജയ് യേശുദാസ്, അഖിൽ മാരാർ, സണ്ണി വെയ്ൻ, സാജു നവോദയ, നരേൻ, സിജു വിൽസൻ, വിഷ്ണു ഉണ്ണികൃഷ്ണൻ എന്നിവർ ടീമുകളെ പരിചയപ്പെടുത്തി. മറ്റ് സെലിബ്രിറ്റി ഉടമകളായ സുരാജ് വെഞ്ഞാറമ്മൂട്, ജോണി ആന്റണി, ആന്റണി പെപ്പെ, ലുക്ക്മാൻ എന്നിവർ ചടങ്ങിൽ എത്തിയിരുന്നില്ല.

സി.സി.എഫ് പ്രസിഡന്റ് അനിൽ തോമസ്, സെക്രട്ടറി സ്ലീബ വർഗീസ്, ട്രഷറർ സുധീപ് കാരക്കാട്ട്, ബ്ലൂടൈഗേഴ്സ് സഹ സ്ഥാപകൻ മാത്യൂസ്, ഓപ്പറേഷൻ ഹെഡ് അഖിൽ, ശരത്, ക്യാപ്ഷൻ ബേസിൽ തമ്പി, ടീം ബ്രാൻഡ് അംബാസിഡർമാരായ അൻസിബ ഹസൻ, ആരാധ്യ ആൻ, രജീഷ വിജയൻ, സിജ റോസ്, വിൻസി അലോഷ്യസ്, നൂറിൻ ഷെറീഫ്, സെറീന ആൻ ജോൺസൻ, ഹിമ നമ്പ്യാർ, റിതു മന്ത്ര, മാളവിക മേനോൻ, ആര്യ ബാബു, ശോഭ വിശ്വനാഥ് തുടങ്ങിയവർ പങ്കെടുത്തു.

സൗത്താഫ്രിക്ക നാഷണൽ ടീം മുൻ ക്യാപ്റ്റൻ എ ബി ഡി വില്ലേഴ്സ് ബ്രാൻഡ് അംബാസിഡറായുള്ള ലോകത്തെ ഏറ്റവും വലിയ അമേചർ ക്രിക്കറ്റ് ലീഗ് ആയ ലാസ്റ്റ് മാൻ സ്റ്റാന്റ്സുമായി സഹകരിച്ച് സംഘടിപ്പിക്കുന്ന സി.സി.എഫ് പ്രീമിയർ ലീഗ് ഏപ്രിൽ 19 മുതൽ 25 വരെ കളമശേരി സെന്റ് പോൾസ് കോളേജ് ഗ്രൗണ്ടിലാണ് നടക്കുന്നത്.

ടൂർണമെന്റ് വിജയികൾക്ക് അമേരിക്കയിലെ മിയാമിയിൽ നടക്കുന്ന യുണൈറ്റഡ് സ്റ്റേറ്റ് പ്രിമിയർ ലീഗിൽ (യുഎസ്പിഎൽ) പങ്കെടുക്കാൻ അവസരം ലഭിക്കും. ഇതിനുള്ള ക്ഷണം ചടങ്ങിൽ യുഎസ്പിഎൽ മേധാവി ജയദീപ് സിംഗ് പ്രഖ്യാപിച്ചു. സിനിമ, ടെലിവിഷൻ, മീഡിയ, പരസ്യ മേഖലകളിൽ നിന്നുള്ള സെലിബ്രിറ്റികളും കലാകാരന്മാരും സാങ്കേതിക പ്രവർത്തകരുമാണ് ടീം അംഗങ്ങളായുള്ളത്.




# സാരഥിയുടെ രജത ജൂബിലി ആഘോഷിച്ചു

**കൊച്ചി:** അന്തർദ്ദേശീയ വിമാനത്താവളം കേന്ദ്രീകരിച്ച് 2,000ൽ കേരളത്തിലെ ടാക്സിഓട്ടോ ഡ്രൈവർമാരുടെയും അവരുടെ കുടുംബങ്ങളുടെയും സമഗ്ര വികസനം ലക്ഷ്യമാക്കി ആരംഭിച്ച സാരഥിയുടെ രജത ജൂബിലി ആഘോഷിച്ചു.

കെസിബിസിയുടെ ജെ പി ഡി കമ്മിഷൻ ചെയർമാൻ ബിഷപ് മാർ ജോസ് പുളിക്കൽ ജൂബിലി സമാപന സമ്മേളനം ഉദ്ഘാടനം ചെയ്തു. കെസിബസി സെക്രട്ടറി ജനറലും പിഒസി ഡയറക്ടറുമായ റവ ഫാ. തോമസ് തറയിൽ അദ്ധ്യക്ഷത വഹിച്ചു. വിവിധ ജില്ലകളിലുള്ള സാരഥിയുടെ അംഗങ്ങളും, ആനിമേറ്റേഴ്സും യോഗത്തിൽ പങ്കുചേർന്നു. സാരഥിയുടെ സ്ഥാപകരായ റവ. ഫാ. വർഗീസ് കരിപ്പേരി, റവ. ഫാ. സെബാസ്റ്റ്യൻ തേയ്ക്കാനത്ത്, റവ. ഫാ. ഫ്രാൻസിസ് കൊടിയൻ, റവ. ഫാ. ജോസഫ് മക്കോളി എന്നിവരും സാരഥിയുടെ സംസ്ഥാന ഡയറക്ടറായ റവ. ഫാ. ടോം മഠത്തിൽക്കണ്ടത്തിൽ എംഎസ്ജെയും, അസോസിയേറ്റ് ഡയറക്ടർ റവ. ഫാ സെബാസ്റ്റ്യൻ കോയിക്കര എംഎസ്ജെയും, സാരഥിയുടെ സംസ്ഥാന സെക്രട്ടറിയായ സിസ്റ്റർ മോളി പുല്ലൻ എ എസ് സി യും സന്നിഹിതരായിരുന്നു.

സൊസൈറ്റി ടുഡേ
SOCIETY TODAY



# ഐ ട്രിപ്പ്ൾ ഇ മാപ്കോൺ ഡിസംബർ 14 മുതൽ

**കൊച്ചി:** ഐ ട്രിപ്പ്ൾ ഇ മൈക്രോവേവ് ആന്റിനസ് ആന്റ് പ്രപഗേഷൻ കോൺഫറൻസ് 2025 ഡിസംബർ 14 മുതൽ 18 വരെ കൊച്ചിയിലെ ഗ്രാന്റ് ഹയാത്ത് ബോൾഗാട്ടി ലുലു ഇന്റർനാഷണൽ കൺവെൻഷൻ സെന്ററിൽ നടക്കും.മാപ്കോൺ 2025ൽ വിപുലമായ സാങ്കേതിക സെഷനുകൾ, മുഖ്യ സെഷനുകൾ, പ്ലീനറി സെഷനുകൾ, ക്ഷണിക്കപ്പെട്ട പ്രഭാഷണങ്ങൾ, വർക്ക്ഷോപ്പുകൾ, ട്യൂട്ടോറിയലുകൾ, പ്രത്യേക സെഷനുകൾ, വിദ്യാർഥി ഡിസൈൻ മത്സരങ്ങൾ, മെന്റർമെന്റീ പ്രോഗ്രാം, വ്യവസായ സെഷനുകൾ, പ്രദർശനങ്ങൾ, പ്രൊഫഷണൽ മീറ്റിംഗുകൾ, ടൂറുകൾ, നെറ്റ്‌വർക്കിംഗ് ഇവന്റുകൾ എന്നിവ ഉൾപ്പെടും.

കൊച്ചിയിലെ ഗ്രാൻഡ് ഹയാത്ത് ബോൾഗാട്ടിയിൽ നടന്ന എക്സിക്യൂട്ടീവ് കൗൺസിൽ യോഗത്തിൽ കേരളത്തിലേയും ഇന്ത്യയിലേയും ഏഷ്യയിലേയും ഉന്നത സാങ്കേതിക നേതാക്കൾ പങ്കെടുത്തു. യോഗത്തിൽ മാപ്കോൺ 2025 ജനറൽ കോചെയർ ഐഐഎസ്ടി പ്രൊഫസർ ചിന്മോയ് സാഹ, മാപ്കോൺ എക്സിക്യൂട്ടീവ് കമ്മിറ്റി കോചെയർ പ്രൊഫ. ജലീൽ അക്തർ (ഐഐടി കാൺപൂർ), ഐഇഇഇ മാപ്കോൺ 2025 ഫിനാൻസ് ചെയർ പ്രൊഫ. ബി എസ് മനോജ് (ഐഐഎസ്ടി തിരുവനന്തപുരം) എന്നിവർ പങ്കെടുത്തു.

ഡോ. ഗൗതം ചതോപാധ്യായ, (പ്രസിഡന്റ് എം ടി ടി എസ്), ഡോ. രാജീവ് ജ്യോതി (ടെക്നിക്കൽ ഡയറക്ടർ, ഇൻസ്പേസ്, ബഹിരാകാശ വകുപ്പ്), ഡോ. അശുതോഷ് കേദാർ (സീനിയർ സയന്റിസ്റ്റ്, ഡിആർഡിഒ), ഡോ. പുനീത് കെ മിശ്ര (സീനിയർ സയന്റിസ്റ്റ്, ഐഎസ്ആർഒ), ഓർഗനൈസിങ് സെക്രട്ടറിമാരായ പ്രൊഫ. ദീപ്തി ദാസ്കൃഷ്ണ (കുസാറ്റ്, കൊച്ചി), പ്രോ. ദേബാരതി ഗാംഗുലി (ഐഐഐടി. കോട്ടയം), പ്രോ. സുകോമൾ ഡേ (ഐഐടി പാലക്കാട്), മാപ്കോൺ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളായ പ്രൊഫ. ദേബതോഷ് ഗുഹ (കൽക്കട്ട സർവകലാശാല), പ്രൊഫ. ഷിബാൻ കെ കൗൾ (ഐഐടി ഡൽഹി), ഡോ. ഉഷ പി വർമ്മ (സീനിയർ സയന്റിസ്റ്റ്, ഡിആർഡിഒ), സ്റ്റാർട്ടപ്പ് കമ്മിറ്റി ചെയർ ഡോ. സുരേഷ് നായർ (സിഇഒ, അമര രാജ ഡിസൈൻ ആൽഫ), ലോക്കൽ അഡ്വൈസറി കമ്മിറ്റി ചെയർ പ്രൊഫ. സി. കെ. ആനന്ദൻ (കുസാറ്റ്, കൊച്ചി) എന്നിവരും യോഗത്തിൽ പങ്കെടുത്തു.സാങ്കേതിക വിദഗ്ധർ, ഗവേഷകർ, അക്കാദമിക് വിദഗ്ധർ, ഗവേഷണ പണ്ഡിതർ, സംരംഭകർ, വിദ്യാർഥികൾ എന്നിവരും കൊച്ചിയിലെത്തും.

കൂടുതൽ വിവരങ്ങൾക്ക് https://ieeemapcon.org എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

# എഐ കൊമേഴ്സ്യൽ പിസികൾ അവതരിപ്പിച്ച് എച്ച്പി

**കൊച്ചി:** ബിസിനസുകളുടെയും പ്രൊഫഷണലുകളുടെയും വളർന്നുവരുന്ന ആവശ്യങ്ങൾക്കായി പുതിയ എഐ പിസികൾ അവതരിപ്പിച്ച് എച്ച്പി. എച്ച്പി എലൈറ്റ്ബുക്ക് അൾട്ര ജി 1 ഐ 14 ഇഞ്ച്, എച്ച്പി എലൈറ്റ്ബുക്ക് എക്സ് ജി 1 ഐ 14 ഇഞ്ച്, എച്ച്പി എലൈറ്റ്ബുക്ക് എക്സ് ജി 1 ഐ ഫ്ലിപ്പ് 14 ഇഞ്ച് എന്നിവ ഉൾപ്പെടുന്നതാണ് പുതിയ ശ്രേണി. ഏറ്റവും പുതിയ ഇന്റൽ കോർ അൾട്രാ പ്രൊസസറുകൾ, 48 ട്രില്യൺ പ്രവർത്തനങ്ങൾ കൈകാര്യം ചെയ്യാൻ കഴിയുന്ന എൻപിയു, എഐ ഫീച്ചറുകളായ എച്ച്പി എഐ കമ്പാനിയൻ, പോളി ക്യാമറ പ്രോ, മൈക്രോസോഫ്റ്റ് കോപൈലറ്റ് കീ, എച്ച്പി വുൾഫ് സെക്യൂരിറ്റി തുടങ്ങിയ ധാരാളം പ്രേത്യേകതകൾ ഉള്ളതാണ് പുതിയ ശ്രേണി.അൾട്രാലൈറ്റ് ഡിസൈൻ, ദീർഘകാല ബാറ്ററി, മൾട്ടിടാസ്കിംഗ് എന്നിവയിലൂടെ കണ്ടെന്റ് ക്രിയേഷൻ, ഡാറ്റ വിശകലനം എന്നിവ പോലുള്ള ഉയർന്ന ജോലികളിൽ മികവ് കാണിക്കുന്നു. എച്ച്പി എലൈറ്റ്ബുക്ക് അൾട്ര ജി1ഐ 14ഇഞ്ചിന് 2,67,223/ രൂപയാണ് വില. എച്ച്പി എലൈറ്റ്ബുക്ക് എക്സ് ജി1ഐ 14ഇഞ്ചിന് 2,23,456/ രൂപയും എച്ച്പി എലൈറ്റ്ബുക്ക് എക്സ് ഫ്ലിപ്പ് ജി1ഐ 14 ഇഞ്ചിന് 2,58,989/ രൂപയുമാണ് വിലകൾ. എച്ച്പി എലൈറ്റ്ബുക്ക് എക്സ് ജി1എ 14ഇഞ്ചിന് 2,21,723/ രൂപയുമാണ് വില. എച്ച്പി ഓൺലൈൻ സ്റ്റോറുകളിൽ പുതിയ ശ്രേണി ലഭ്യമാണ്.



# വാർഷിക ആഘോഷം; കൈനിറയെ ഓഫറുകളുമായി ലുലു

**കൊച്ചി :** പന്ത്രണ്ടാം വാർഷികാഘോഷ വേളയിൽ ഉപഭോക്താകൾക്ക് മികച്ച ഓഫറുകളുമായി ലുലു ഹൈപ്പർമാർക്കറ്റ് . ലുലു ഫാഷൻ സ്റ്റോർ, ലുലു ഹൈപ്പർമാർക്കറ്റ്, ലുലു കണക്റ്റ് എന്നിവിടങ്ങളിലായി പ്രമുഖ ബ്രാൻഡുകളുടെ ഫാഷൻ, ഇലക്ട്രോണിക്സ്, ഗൃഹോപകരണങ്ങൾ, ഗ്രോസറി തുടങ്ങിയവയിൽ മികച്ച ഇളവുകളാണ് പ്രഖ്യാപിച്ചിരിക്കുന്നത് . ലുലു ഫാഷൻ സ്റ്റോറിൽ ഓരോ 2500 രൂപയുടെ പർച്ചേസിനുമൊപ്പം 500 രൂപയുടെ ഗിഫ്റ്റ് വൗച്ചറുകൾ സമ്മാനമായി നൽകും. സ്മാർട്ട്ഫോൺ, ഗാഡ്ജറ്റുകൾ, ഇലക്ട്രോണിക്സ് ഉൽപ്പന്നങ്ങൾ, ഗ്രഹോപകരണങ്ങൾ എന്നിവയ്ക്കും ഓഫറുണ്ട്. ബാഗുകൾ, പാദരക്ഷകൾ, വീട്ടുപകരണങ്ങൾ, ഇലക്ട്രോണിക്സ്, ആഭരണങ്ങൾ, വാച്ചുകൾ ഇവ കൂടാതെ ഹൈപ്പർമാർക്കറ്റിലെ സ്വാദിഷ്ടമായ ഭക്ഷണ വിഭവങ്ങൾ വരെ മികച്ച വിലക്കുറവിൽ ലഭിക്കുമെന്ന് ലുലു അധികൃതർ വ്യക്തമാക്കി.

ലുലുവിൽ നിന്നും ഷോപ്പ് ചെയ്യുന്നവർക്ക് ആകർഷകങ്ങളായ സമ്മാനങ്ങൾ നേടാനും അവസരമുണ്ട്. മാർച്ച് 25 വരെയാണ് പന്ത്രണ്ടാം വാർഷികാഘോഷ ഓഫറുകൾ. ലുലു കണക്ടിൽ 50 ശതമാനം വരെ നീളുന്ന ഓഫുകളാണ് ഉപഭോക്താക്കൾക്കായി ഒരുക്കിയിരിക്കുന്നത്. വിവിധ ബ്രാൻഡുകളുടെ എ.സികൾ മികച്ച വില കുറവിൽ ലഭിക്കും. ചില ബ്രാൻഡുകളുടെ എസികൾക്ക് 50ശതമാനം വരെ ഓഫറുണ്ട്. എൽ.ജി , സാംസങ്ങ്, ഡെയ്കിൻ, ബ്ലൂസ്റ്റാർ, ലോയിഡ് തുടങ്ങി അന്താരാഷ്ട്ര ബ്രാൻഡുകളുടെ എസികളും ഓഫർ വിലയിൽ സ്വന്തമാക്കാം. ലുലുഹൈപ്പർ മാർക്കറ്റിൽ നിന്ന് പർച്ചേഴ്സ് ചെയ്യുന്ന ഉപഭോക്താക്കൾക്ക് 50 ശതമാനം വരെയുള്ള ഓഫറിൽ നിത്യോപയോഗ സാധനങ്ങളും, ഗ്രോസറി, ഭക്ഷ്യ ഉൽപ്പന്നങ്ങൾ എന്നിവയും വാങ്ങിക്കുവാൻ ഓഫർ കാലയളവിലൂടെ സാധിക്കും.

ഹൈപ്പർമാർക്കറ്റിലും, ലുലു കണക്ടിലും, ഫാഷൻ സ്റ്റോറിലും നിലനിൽക്കുന്ന ഓഫറുകൾ കൂടാതെയാണ് മാളിലെ എല്ലാ ഷോപ്പുകളിലും വിവിധ ഓഫറുകൾ പ്രഖ്യാപിച്ചിരിക്കുന്നത്. ഓരോ ദിവസവും ഓരോ ബ്രാൻഡ് എന്ന രീതിയിൽ 24 ബ്രാൻഡുകൾക്കാണ് അതിശയിപ്പിക്കുന്ന ഓഫറുകൾ പ്രഖ്യാപിച്ചിരിക്കുന്നത്. മാളിലെ ഷോപ്പിങ്ങിലൂടെ നറുക്ക് വീഴുന്ന ലക്കി വിന്നേഴ്സിന് അതാത് ബ്രാൻഡുകൾ പ്രഖ്യാപിച്ചിരിക്കുന്ന സമ്മാനങ്ങളും ലഭിക്കും. 24 ബ്രാൻഡുകൾ 24 ദിവസങ്ങളിലായിട്ടാണ് ഓഫറുകൾ പ്രഖ്യാപിച്ചിരിക്കുന്നത്. കൂടാതെ ലുലു ഹാപ്പിനസ് അംഗങ്ങൾക്കായി മറ്റൊരു ഓഫറും ഒരുക്കിയിട്ടുണ്ട്. ആയിരം രൂപയിൽ കൂടുതൽ പർച്ചേഴ്സ് ചെയ്യുന്ന അംഗങ്ങൾക്കാണ് 1212 ചിയർ പോയിന്റ് സ്വന്തമാക്കാം. ലുലു ഹാപ്പിനസിൽ അംഗങ്ങളായിട്ടുള്ളവർക്ക് ഈ ഓഫർ ആസ്വദിക്കാൻ സാധിക്കും. കസ്റ്റമറിന് ഒരു ദിവസം ഒരോഫർ എന്ന രീതിയിലാകും ഇത് ലഭ്യമാകുക. ഹാപ്പിനസിലെ ഈ ഓഫർ 31 വരെ നിലനിൽക്കും.ലുലു മാളിലെ വാർഷികാഘോഷങ്ങളുടെ ഭാഗമായി വിവിധ കലാപരിപാടികളും നടക്കും, നിലവിൽ റമദാൻ സ്ട്രീറ്റ് ഉൾപ്പടെ മാളിൽ ലുലു ഹൈപ്പർ മാർക്കറ്റിന്റെ നേതൃത്വത്തിൽ ഒരുക്കിയിട്ടുണ്ട്. ഫ്ളേവേഴ്സ് ഓഫ് റമദാൻ, 26ന് മെഹന്ദി മാജിക്ക്, 27ന് എലഗൻസി ഇൻ ഇങ്ക് , വാർഷിക ദിനമായ 29ന് ഗായിക സിത്താര അവതരിപ്പിക്കുന്ന ലൈവ് ബാൻഡും അരങ്ങേറും.

# എസ്‌യുവി700 എബോണി ലിമിറ്റഡ് എഡിഷൻ പുറത്തിറക്കി മഹീന്ദ്ര

**കൊച്ചി:** ഇന്ത്യയിലെ മുൻനിര എസ്‌യുവി നിർമാതാക്കളായ മഹീന്ദ്ര ആൻഡ് മഹീന്ദ്ര ലിമിറ്റഡ്, എസ്‌യുവി700 എബോണി ലിമിറ്റഡ് എഡിഷൻ വിപിണിയിൽ അവതരിപ്പിച്ചു. എസ്‌യുവി700ന്റെ അഴകും ആഡംബരവും നിലനിർത്തി പൂർണമായും കറുപ്പ് നിറത്തിലാണ് എബോണി എഡിഷൻ എത്തുന്നത്. 19.64 ലക്ഷം രൂപയാണ് എക്സ് ഷോറൂം പ്രാരംഭ വില. സിൽവർ സ്കിഡ് പ്ലേറ്റുകൾ കൊണ്ട് അലങ്കരിച്ച സ്റ്റെൽത്ത് ബ്ലാക്ക് എക്സ്റ്റീരിയറാണ് വാഹനത്തിന്. ബ്ലാക്ക് ഗ്രിൽ ഇൻസേർട്ടും ഔട്ട്സൈഡ് റിയർവ്യൂ മിററും അസാമാന്യമായ ആകാരം എബോണി ലിമിറ്റഡ് എഡിഷന് നൽകുന്നുവെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി. കറുപ്പ് നിറത്തിൽ തന്നെയാണ് 18 ഇഞ്ച് അലോയ് വീലുകളും വരുന്നത്.എക്സ്റ്റീരിയറിന് സമാനമായി എബോണി എഡിഷന്റെ ഇന്റീരിയർ മുഴുവനായും കറുപ്പ് നിറത്തിൽ തന്നെയാണ്. കറുത്ത ലെതററ്റ് അപ്ഹോൾസ്റ്ററി, ബ്ലാക്ക്ഡ്ഔട്ട് ട്രിംസ്, സെന്റർ കൺസോളിലും ഡോർ പാനലുകളിലും സിൽവർ ആക്സന്റുകൾ എന്നിവ ഉൾക്കൊള്ളുന്നതാണ് ക്യാബിൻ ലേഔട്ട്. ഇളം ചാരനിറത്തിലാണ് റൂഫ് ലൈനർ. അതേസമയം ഡാർക്ക്ക്രോം എയർ വെന്റുകൾ എസ്‌യുവി700 എബോണി എഡിഷന് പ്രീമിയം കാഴ്ച്ചയും നൽകുന്നു.എഎക്സ്7 (7 സീറ്റർ എഫ്ഡബ്ല്യുഡി) പിഎംടി വേരിയന്റിന് 19.64 ലക്ഷം രൂപയും, പിഎടി വേരിയന്റിന് 21.14 ലക്ഷം രൂപയും, ഡിഎംടി വേരിയന്റിന് 20.14 ലക്ഷം രൂപയും, ഡിഎടി വേരിയന്റിന് 21.79 ലക്ഷം രൂപയുമാണ് വില. എഎക്സ്7 എൽ (7 സീറ്റർ എഫ്ഡബ്ല്യുഡി) പിഎടി വേരിയന്റിന് 23.34 ലക്ഷം രൂപ വിലവരും. ഡിഎംടി വേരിയന്റ് 22.39 ലക്ഷം രൂപ, ഡിഎടി വേരിയന്റ് 24.14 ലക്ഷം രൂപ എന്നിങ്ങനെയാണ് മറ്റു വിലകൾ.



## 100 നഗരങ്ങളിലേക്ക് പ്രവർത്തനം വ്യാപിപ്പിച്ച് സ്വിഗ്ഗി ഇൻസ്റ്റാമാർട്ട്

**കൊച്ചി:** ഇന്ത്യയിലെ മുൻനിര ക്വിക്ക് കോമേഴ്സ് പ്ലാറ്റ്ഫോമായ സ്വിഗ്ഗി ഇൻസ്റ്റാമാർട്ട് രാജ്യവ്യാപകമായി 100 നഗരങ്ങളിലേക്ക് പ്രവർത്തനം വ്യാപിപ്പിച്ചു. കേരളത്തിൽ പാലക്കാട്, ആലപ്പുഴ എന്നീ നഗരങ്ങളിലാണ് സ്വിഗ്ഗി ഇൻസ്റ്റാമാർട്ട് ആരംഭിച്ചത്.10 മിനിറ്റ് ഡെലിവറികൾക്കായുള്ള വർദ്ധിച്ചുവരുന്ന ആവശ്യം കണക്കിലെടുത്താണിത്. ഇതോടെ, പലചരക്ക് സാധനങ്ങളും ദൈനംദിന അവശ്യവസ്തുക്കൾ മുതൽ ഇലക്ട്രോണിക്സ്, സ്മാർട്ട്ഫോണുകൾ, ഫാഷൻ, മേക്കപ്പ്, കളിപ്പാട്ടങ്ങൾ തുടങ്ങി 30,000ത്തിലധികം ഉൽപ്പന്നങ്ങൾ ഇൻസ്റ്റാമാർട്ടിലൂടെ ലഭിക്കും.

## ഇൻഡസ് ആപ്പ്സ്റ്റോറും ഷവോമിയും പങ്കാളിത്തത്തിൽ

**കൊച്ചി:** ഇൻഡസ് ആപ്പ്സ്റ്റോറും ഷവോമി ഇന്ത്യയും തമ്മിൽ സഖ്യം പ്രഖ്യാപിച്ചു. ഇന്ത്യയിലെ എല്ലാ പുതിയ ഷവോമി സ്മാർട്ട്ഫോണുകളിലും ഇൻഡസ് ആപ്പ്സ്റ്റോർ സംയോജിപ്പിച്ച് നിലവിലുള്ളവയിൽ ഗെറ്റ്ആപ്പുകൾ മാറ്റിസ്ഥാപിക്കുന്നതിലൂടെ, പ്രവേശനക്ഷമത, ആപ്പ് കണ്ടെത്തൽ, തടസ്സമില്ലാത്ത ഉപയോക്തൃ അനുഭവം എന്നിവ വളർത്തിയെടുക്കുക എന്നതാണ് ഇൻഡസ് ആപ്പ്സ്റ്റോറിന്റെ ലക്ഷ്യമെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി.

## ജെയിംസ് ഡൈസൺ അവാർഡ് 2025: അപേക്ഷകൾ ക്ഷണിച്ചു

**കൊച്ചി:** അന്താരാഷ്ട്ര വിദ്യാർത്ഥി ഡിസൈൻ, എഞ്ചിനീയറിംഗ് മത്സരമായ ജെയിംസ് ഡൈസൺ അവാർഡ്, 2025 പ്രോഗ്രാമിലേക്കുള്ള അപേക്ഷകൾ ക്ഷണിച്ചു. ദൈനംദിന വെല്ലുവിളികൾ മുതൽ ലോകത്തിലെ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നങ്ങൾ വരെ, ജനങ്ങളുടെ ജീവിതത്തിൽ യഥാർത്ഥ മാറ്റമുണ്ടാക്കാൻ കഴിയുന്ന പ്രശ്നപരിഹാര ആശയങ്ങൾ സമർപ്പിക്കാൻ വിദ്യാർത്ഥികളെഅവാർഡ് ക്ഷണിക്കുന്നു.2005ൽ സ്ഥാപിതമായതുമുതൽ, ജെയിംസ് ഡൈസൺ അവാർഡ് 400ലധികം വിദ്യാർത്ഥി പിന്തുണച്ചിട്ടുണ്ട്. ഏകദേശം 112 മില്യൺ പൗണ്ട് (ഏകദേശം 112 മില്യൺ) സമ്മാനത്തുകയും ആഗോള പ്ലാറ്റ്ഫോമും ഇതിൽ ഉൾപ്പെടുന്നു. അവസാന ഘട്ടത്തിലേക്ക് കടന്ന് ജെയിംസ് ഡൈസൺ ആഗോള വിജയികളായി തിരഞ്ഞെടുക്കുന്നവർക്ക് 30,000 പൗണ്ട് (ഏകദേശം 30 ലക്ഷം രൂപ) സമ്മാനവും ലഭിക്കുമെന്നും അധികൃതർ വ്യക്തമാക്കുന്നു.



# അന്റാർട്ടിക്കയിലെ കൂന്തൽ ജൈവവൈവിധ്യം; ഗവേഷണ സർവേയുമായി സിഎംഎഫ്ആർഐ സംഘം

**കൊച്ചി:** ചുഴലിക്കാറ്റുകളെയും ഉയർന്ന തിരമാലകളെയും ചെറുത്ത് അന്റാർട്ടിക്കയിലെ കൂന്തൽ ജൈവവൈവിധ്യത്തെ പഠിക്കാനുള്ള ഗവേഷണ സർവേയുമായി സിഎംഎഫ്ആർഐ സംഘം.

ദക്ഷിണദ്രുവ സമുദ്രത്തിലേക്കുള്ള 12ാമത് ഇന്ത്യൻ ശാസ്ത്രപര്യവേഷണത്തിന്റെ ഭാഗമായാണ് സിഎംഎഫ്ആർഐ സംഘത്തിന്റെ ഗവേഷണം. ഷെൽഫിഷ് ഫിഷറീസ് വിഭാഗത്തിലെ പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ ഗീത ശശികുമാറും ടെക്നിക്കൽ ഓഫീസർ ഡോ കെ കെ സജികുമാറുമാണ് പര്യവേഷണത്തിന്റെ ഭാഗമായുള്ള സിഎംഎഫ്ആർഐ ഗവേഷകർ. പ്രധാനമായും കൂന്തലിന്റെ ലഭ്യതയും അന്റാർട്ടിക്കൻ ആവാസവ്യവസ്ഥയിൽ അവയുടെ പങ്കും പഠിക്കുകയാണ് ലക്ഷ്യം. ഇതിനായി സാമ്പിളുകൾ ശേഖരിക്കുകയാണിപ്പൾ. 47 ദിവസത്തെ പര്യവേഷണത്തിൽ 36 ദിവസം പിന്നിട്ടു. ഡേറ്റ ശേഖരണം തുടർന്നുവരികയാണ്. ശേഖരിച്ച കൂന്തൽ കുഞ്ഞുങ്ങളെസിഎംഎഫ്ആർഐയിൽ തിരിച്ചെത്തി വിശദ പരിശോധനക്ക് വിധേയമാക്കും. ദക്ഷിണദ്രുവ പ്രദേശങ്ങളിൽ ഇവയുടെ ജൈവവൈവിധ്യം ശാസ്ത്രീയമായി മനസ്സിലാക്കാൻ ഇതിലൂടെ കഴിയും. കൂടാതെ, ഇവയടെ ചെവിക്കല്ല് വിശകലനം ചെയ്ത് ഈ കൂന്തൽ ഇനങ്ങളുടെ വയസ്സും വളർച്ചയും കണ്ടെത്താനുമാകും.

ഈ പഠനങ്ങൾ, അന്റാർട്ടിക് സമുദ്രത്തിൽ ഇവയുടെ സമൃദ്ധിയും ശാസ്ത്രീയ സ്വഭാവവും മേഖലയിൽ അവയുടെ പാരിസ്ഥിതിക പ്രാധാന്യവും മനസ്സിലാക്കാൻ സഹായിക്കും. കേന്ദ്ര ഭൗമശാസ്ത്ര മന്ത്രാലയത്തിന് കീഴിലുള്ള ഗോവയിലെ നാഷണൽ സെന്റർ ഫോർ പോളാർ ആന്റ് ഓഷ്യൻ റിസർച്ച് സംഘടിപ്പിക്കുന്ന പര്യവേഷണത്തിൽ ഇന്ത്യയിലും വിദേശത്തുമുള്ള 16 ഗവേഷണ സ്ഥാപനങ്ങളും സർവകലാശാലകളും പങ്കാളികളാണ്.

ദക്ഷിണദ്രുവ സമുദ്രത്തിലെ പറക്കും കൂന്തലിന്റെ ലഭ്യതയും പഠനവിധേയമാക്കുന്നുണ്ട്. സമുദ്ര ആവാസ വ്യവസ്ഥയെ കൂടുതൽ കൃത്യമായി മനസ്സിലാക്കാനും സമുദ്രസമ്പത്തിന്റെ സുസ്ഥിര മാനേജ്മെന്റ് രീതികളെ സഹായിക്കാനും ഈ പഠനങ്ങൾ വഴി തുറക്കുമെന്ന് ഡോ ഗീത ശശികുമാർ പറഞ്ഞു.പര്യവേഷണത്തിൽ 42 ഗവേഷകരാണുള്ളത്. മുൻകൂട്ടി നിശ്ചയിച്ച സ്ഥലങ്ങളിൽ ഗവേഷണ കപ്പൽ നിർത്തിയാണ് സാമ്പിളുകൾ ശേഖരിക്കുന്നത്. എന്നാൽ, ചുഴലിക്കാറ്റിന്റെ വരവും അതിശക്തമായ കാറ്റും കാരണം ഇളകി മറിയുന്ന കടലിൽ പലപ്പോഴും സാമ്പിൾ ശേഖരണം അതീവ ദുഷ്കരമാണ്.

ഇതു വരെ, സഞ്ചാരപാതയിൽ മൂന്ന് ചുഴലിക്കാറ്റുകളെ നേരിടേണ്ടി വന്നു. താഴ്ന്ന മർദ്ദവും ഭീമൻ തിരമാലകളും ശക്തമായ കാറ്റോടെയുള്ള അതിശൈത്യവും അവഗണിച്ചാണ് സർവേ നടത്തിവരുന്നത്. 22 ഡിഗ്രി വരെ താഴ്ന്ന താപനിലയിൽ മഞ്ഞുമലകൾക്കിടയിലൂടെയും പൊങ്ങിക്കിടക്കുന്ന ഐസ് പാളികളിലൂടെയും സഞ്ചരിച്ച് ഡേറ്റ ശേഖരണം നടത്തൽ വെല്ലുവിളികൾ നിറഞ്ഞതാണെന്ന് ഡോ സജികുമാർ പറഞ്ഞു.

ദക്ഷിണദ്രുവ മേഖലയിലേക്ക് അടുക്കുമ്പോഴുള്ള അതീവ ദുഷകരമായ സമുദ്രഭാഗങ്ങളിലൂടെ (റോറിങ് ഫോർട്ടീസിലൂടെയും ഫ്യൂരിയസ്! ഫിഫ്റ്റീസിലൂടെയും) കടന്നുപോകുമ്പോൾ ഉയർന്ന തിരമാലകളലാൽ കപ്പൽ ആടിയുലയുന്നത് കാരണം അടിസ്ഥാന ആവശ്യനിർവഹണത്തിന് പോലും ബുദ്ധിമുട്ടനുഭവപ്പെട്ടു. ശക്തമായ കാറ്റും തണുപ്പുമുള്ളതിനാൽ വളരെ കുറഞ്ഞ സമയം മാത്രമേ കപ്പലിന് പുറത്ത് ചിലവഴിക്കാനാകൂ. എങ്കിലും പഠനത്തിന് ആവശ്യമായ സാമ്പിളുകൾ ശേഖരിക്കാനായതിന്റെ സന്തോഷത്തിലാണ് സിഎംഎഫ്ആർഐ ഗവേഷകർ. തിമിംഗലങ്ങൾ, വിവിധയിനം കടൽപക്ഷികൾ, പെൻഗ്വിൻ തുടങ്ങി വൈവിധ്യമാർന്ന സമുദ്രജന്തുജാലങ്ങളുടെ കാഴ്ചകളാണ് യാത്രയിലെ മറ്റൊരു പ്രത്യേകത. ഇന്ത്യയിലേക്കുള്ള മടക്കയാത്രയിലാണിപ്പോൾ. എന്ന് തിരിച്ചെത്താനാകുമെന്നത് കടലിന്റെ സ്വാഭാവത്തെയും കാലാവസ്ഥയെയും ആശ്രയിച്ചിരിക്കും.

# നവീന ഫീച്ചറുകളുമായി സാംസങ് ഗ്യാലക്സി എഫ്16 5ജി

**കൊച്ചി:** സാംസങ് തങ്ങളുടെ ജനപ്രിയ ഗ്യാലക്സി എഫ് സീരിസ് പോർട്ട്ഫോളിയോവിൽ ഏറ്റവും പുതിയ ഗ്യാലക്സി എഫ്16 5ജി അവതരിപ്പിച്ചു. ഏറ്റവും മികച്ച എസ് അമോൾഡ് ഡിസ്പ്ലേ, 50 എംപി ട്രിപ്പിൾ ക്യാമറ, 6 ജനറേഷൻ ആൻഡ്രോയ്ഡ് അപഗ്രേഡുകൾ, 6 വർഷത്തെ സെക്യൂരിറ്റി വാറണ്ടി എന്നിങ്ങനെ സെഗ്മന്റിലെ ഏറ്റവും മുൻനിര ഫീച്ചറുകളാണ് ഗ്യാലക്സി എഫ്16 5ജിയിൽ അവതരിപ്പിച്ചിരിക്കുന്നത്. ജെൻ സീയുടെ കുതിച്ചുപായുന്ന ജീവിത ശൈലിക്ക് ഏറ്റവും അനുയോജ്യമായ രീതിയിലാണ് ഗ്യാലക്സി എഫ്16 5ജി ഞങ്ങൾ രൂപകൽപ്പന ചെയ്തിരിക്കുന്നത്. മികച്ച പ്രകടനം, ദീർഘകാല ഈട്, ഏറ്റവും മികവുറ്റ ഉപഭോക്തൃ അനുഭവം തുടങ്ങിയവയെല്ലാം ഈ പുത്തന മോഡലിലൂടെ ഉപഭോക്താക്കൾക്ക് സാംസങ് വാഗ്ദാനം ചെയ്യുന്നുവെന്നും അക്ഷയ് എസ് റാവു പറഞ്ഞു. ഏറ്റവും മികച്ച ഫോട്ടോകളും വീഡിയോകളും ഉപഭോക്താക്കൾക്ക് ഉറപ്പുനൽകുന്ന സെഗ്മെന്റിലെ ഏറ്റവും മികച്ച 50 എംപി ട്രിപ്പിൾ ക്യാമറായാണ് ഗ്യാലക്സി എഫ്16 5ജിയിലുള്ളത്. മനോഹരമായ സെൽഫികൾക്കായി 13 എംപി ഫ്രണ്ട് ക്യാമറയും സജ്ജമാക്കിയിരിക്കുന്നു. മീഡിയടെക് ഡൈമെൻസിറ്റി 6300 പ്രൊസസറാണ് ഗ്യാലക്സി എഫ്16 5ജിയ്ക്ക് കരുത്ത് പകരുന്നത്. 25 വാട്ട് ഫാസ്റ്റ് ചാർജിങ്ങോടുകൂടി 5000എംഎഎച്ച് ബാറ്ററിയാണ് ഈ മോഡലിലുള്ളത്.ഭാവിയിലും മികച്ച പെർഫോമൻസ് ഉറപ്പാക്കുന്നതിനായി 6 ജനറേഷൻ ആൻഡ്രോയ്ഡ് അപ്ഗ്രേഡുകളും 6 വർഷത്തെ സെക്യൂരിറ്റി അപ്ഡേറ്റുകളും ഗ്യാലക്സി എഫ്16 5ജി ഉറപ്പുനൽകുന്നു. സെഗ്മെന്റിൽ ആദ്യമായി സാംസങ് വാലറ്റിൽ ടാപ് & പേ ഫീച്ചറും ഈ മോഡലിൽ സാംസങ് അവതരിപ്പിച്ചിരിക്കുന്നു. വൈബിംഗ് ബ്ലൂ, ഗ്ലാം ഗ്രീൻ, ബ്ലിംഗ് ബ്ലാക്ക് എന്നീ നിറങ്ങളിൽ ഗ്യാലക്സി എഫ്16 5ജി ലഭ്യമാണ്. തെരഞ്ഞെടുത്ത റീട്ടെയിൽ ഷോറൂമുകളിലും ഫ്ളിപ്പ്കാർട്ട്, സാംസങ്.കോം എന്നീ ഓൺലൈൻ പ്ലാറ്റുഫോമുകളിൽ നിന്നും ഉപഭോക്താക്കൾക്ക് സാംസങ് ഗ്യാലക്സി എഫ് 16 5ജി വാങ്ങിക്കുവാൻ സാധിക്കുമെന്നും അദ്ദേഹം പറഞ്ഞു.

# അൺലിമിറ്റഡ് ഓഫറുകൾ പ്രഖ്യാപിച്ച് റിലയൻസ് ജിയോ

**കൊച്ചി/മുംബൈ:** ക്രിക്കറ്റ് പ്രേമികൾക്ക് വൻവിരുന്നൊരുക്കി റിലയൻസ് ജിയോ. ക്രിക്കറ്റ് സീസൺ മുൻനിർത്തി പരിധിയില്ലാത്ത ഓഫറുകളാണ് ജിയോ പ്രഖ്യാപിച്ചിരിക്കുന്നത്. നിലവിലെ ഉപഭോക്താക്കൾക്കും പുതിയ ഉപഭോക്താക്കൾക്കും എക്സ്ക്ലൂസിവ് ഓഫറുകളുണ്ട്. ജിയോ സിമ്മും 299 രൂപയ്ക്കോ അതിന് മുകളിലോ ഉള്ള പ്ലാനുമുണ്ടെങ്കിൽ ഉപഭോക്താക്കൾക്ക് ഈ ക്രിക്കറ്റ് സീസൺ ആസ്വദിക്കാം.അൺലിമിറ്റഡ് ഓഫറിൽ 90 ദിവസത്തെ സൗജന്യ ജിയോഹോട്ട്സ്റ്റാർ ടിവിയിലും മൊബൈലിലും 4കെ ക്വാളിറ്റിയിൽ ഈ സീസണിലെ എല്ലാ മത്സരങ്ങളും സൗജന്യമായി ആസ്വദിക്കാം.

വീട്ടിലേയ്ക്കുള്ള 50 ദിവസത്തെ സൗജന്യ ജിയോഫൈബർ / എയർഫൈബർ ട്രയൽ കണക്ഷൻ.4കെ യിൽ മികച്ച ക്രിക്കറ്റ് കാഴ്ചാനുഭവത്തോടെ അൾട്രാഫാസ്റ്റ് ഇന്റർനെറ്റിന്റെയും മികച്ച ഹോം എന്റർടെയ്ൻമെന്റിന്റെയും സൗജന്യ ട്രയൽ സേവനം അനുഭവിക്കാം.ജിയോഎയർഫൈബറിലൂടെ 800+ ടിവി ചാനലുകൾ,11+ ഒടിടി ആപ്പുകൾ,അൺലിമിറ്റഡ് വൈഫൈ കൂടാതെ മറ്റു നിരവധി സേവനങ്ങൾ ലഭ്യമാകുമെന്ന് ജിയോ അധികൃതർ വ്യക്തമാക്കി.2025 മാർച്ച് 17 നും മാർച്ച് 31 നും ഇടയിൽ റീചാർജ് ചെയ്യുക യോ പുതിയ സിം എടുക്കുകയോ ചെയ്താൽ ഓഫർ ലഭ്യമാകും.

നിലവിലുള്ള ജിയോ സിം ഉപയോക്താക്കൾ: 299 രൂപ (1.5 ജിബി/ദിവസം അല്ലെങ്കിൽ അതിൽ കൂടുതൽ) അല്ലെങ്കിൽ അതിൽ കൂടുതലുള്ള പ്ലാൻ ഉപയോഗിച്ച് റീചാർജ് ചെയ്യുക.പുതിയ ജിയോ സിം ഉപയോക്താക്കൾ: 299 രൂപ (1.5ജിബി/ദിവസം അല്ലെങ്കിൽ അതിൽ കൂടുതൽ) അല്ലെങ്കിൽ അതിൽ കൂടുതൽ ഉള്ള പ്ലാനിൽ ഒരു പുതിയ ജിയോ സിം നേടുക.ആനുകൂല്യങ്ങളുടെ വിശദാംശങ്ങൾ അറിയാൻ 6000860008 എന്ന നമ്പറിൽ ഒരു മിസ്ഡ് കോൾ നൽകാനുള്ള ഓപ്ഷനുമുണ്ട്.

മാർച്ച് 17ന് മുമ്പ് റീചാർജ് ചെയ്ത ഉപഭോക്താക്കൾക്ക് 100 രൂപയുടെ ആഡ് ഓൺ പാക്കിലൂടെ സേവനങ്ങൾ നേടാവുന്നതാണ്. 2025 മാർച്ച് 22നായിരിക്കും ജിയോഹോട്ട്സ്റ്റാർ പാക്ക് ആക്റ്റിവേറ്റ് ആകുക. അന്നാണ് ക്രിക്കറ്റ് സീസൺ തുടങ്ങുന്നത്. 90 ദിവസമായിരിക്കും കാലാവധി

കൂടുതൽ വിവരങ്ങൾക്ക് jio.com സന്ദർശിക്കുക. അല്ലെങ്കിൽ അടുത്തുള്ള ജിയോസ്റ്റോർ സന്ദർശിക്കുക.

